ഇരവിക്കുട്ടിപ്പിള്ളപ്പോരു്

(വില്ലടിപ്പാട്ടു്)

കാഞ്ഞിരംകുളം

കൊച്ചുകൃഷ്ണൻ നാടാർ

T59
K82

തെക്കൻപാട്ടുകൾ നമ്പർ 3

ഇരവിക്കുട്ടിപ്പിള്ളപ്പോരു്

(വില്ലടിപ്പാട്ടു്)

(മലയാളം വിദ്വാൻ പരീക്ഷയ്ക്കു് അംഗീകരിച്ചതു്)

T 59
K 82
DHARMARAM COLLEGE LIBRARY
A 3404
BANGALORE

പ്രകാശകൻ

കാഞ്ഞിരംകുളം

കെ. കൊച്ചുകൃഷ്ണൻ നാടാർ

ദേശാഭിവർദ്ധിനി പബ്ലിഷിംഗ് ഹൗസ്

കാഞ്ഞിരംകുളം, നെല്ലിക്കാക്കുഴി

വില 2 രൂപ

DR. KOTTAYAM'S NATIONAL BOOK STALL LTD.

പ്രകാശകന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

മൂന്നാംപതിപ്പ് കാപ്പി—500

1120

രാണ്ടാംപതിപ്പ് കാപ്പി—1000

1962

Printed at S. B. Press, Trivandrum

രണ്ടാം പതിപ്പിന്റെ പ്രസ്താവന

ഇരവിക്കുട്ടിപ്പിള്ളയുടെ പ്രഥമ പതിപ്പ് 1945 ലാണ് മുദ്രണം ചെയ്തത്. അന്ന തിരുവിതാംകൂർ ഗവണ്മെന്റിന്റെയും യൂണിവേഴ്സിറ്റിയുടെയും സഹായം "തെക്കൻ പാട്ട്" കളുടെ പ്രസിദ്ധീകരണത്തിനു ലഭിക്കുകയും ചെയ്തിരുന്നു. ദക്ഷിണതിരുവിതാംകൂറിലെ പ്രാചീനസാഹിത്യകൃതികളെ പൊതുജനദൃഷ്ടിയിൽപ്പെടുത്തുക എന്നതായിരുന്നു എന്റെ ഉദ്ദേശം. അതിനുവേണ്ടി രാജ്യത്തിന്റെ പല ഭാഗങ്ങളിലും സഞ്ചരിച്ച് അനവധി താളിയോലഗ്രന്ഥങ്ങളും സംഭരിക്കുകയും ചെയ്തിട്ടുണ്ട്.

എന്താണീ തെക്കൻ പാട്ടുകൾ? ഇംഗ്ലീഷിൽ ബാലഡ്സ് എന്നു പറയുന്ന പ്രാചീന ഗാനങ്ങളുടെ മാതൃകയിൽ മലയാളത്തിൽ നാടോടിപ്പാട്ടുകളും പലമാതിരിയുണ്ട്. അവ മിക്കതും സ്തോത്രങ്ങളും, മതഗാനങ്ങളും, അപദാനവർണ്ണനകളും, പഴംചൊല്ലുകളും, വീരചരിതങ്ങളും, ശാസ്ത്രഗാനങ്ങളും എന്നിങ്ങനെ പോകുന്നു. ഭാഷാപ്രയോഗം അനുസരിച്ച് വടക്കൻപാട്ടെന്നും തെക്കൻപാട്ടെന്നും പ്രാചീനഗാനങ്ങളെ രണ്ടായി തരംതിരിക്കാം. കാലദേശഭേദം അനുസരിച്ച് ഭാഷാരൂപത്തിനും വ്യത്യാസം വരാവുന്നതാണ്. തെക്കൻ പാട്ടുകൾ തമിഴ്പദങ്ങളുടെ പ്രാബല്യപ്രചാരംകൊണ്ട് സാധാരണ മലയാളികൾക്ക് സുഗ്രാഹ്യമല്ല. അതാണ് അവയ്ക്ക് മലയാളികളുടെ ഇടയിൽ പ്രചാരം സിദ്ധിക്കാതെ പോയതും. വടക്കൻ പാട്ടുകൾ തനി മലയാളം ആയതിനാൽ മലയാളികൾ ആദരിക്കുന്നു. ആദി ദ്രാവിഡവൃത്തത്തിൽ എഴുതിയിട്ടുള്ള പലമാതിരി പാട്ടുകളാണ് ഈ ഇനത്തിൽ ഉൾപ്പെടുന്നതും. അവ മിക്കവാറും അച്ചടിയിൽ വരാതെ പാറാക്ക് തീറായിയും ചിതലിനു മുതലായും അവശേഷിക്കുകയാണ്.

വടക്കൻ പാട്ടുകൾ ഭദ്രകാളിപ്പാട്ട്, നിഴൽക്കുത്തുപാട്ട്, തച്ചോള്ളിപ്പാട്ട്, മാവാരതംപാട്ട് മുതലായവ പ്രസിദ്ധി ആർജ്ജി

ച്ചിട്ടുള്ളവയാണു്. അതുപോലെതന്നെ ചാമുണ്ഡികഥ, മതിലകത്തുകഥ, ചിന്നണഞ്ചോൻകഥ, നീലികഥ, അമ്മൻകഥ, മാരിഅമ്മൻകഥ, ശാസ്താംകഥ, മാടമ്പുകഥ, പൊരുത്തുണ്ടൻകഥ, വയസ്സൻകഥ, കേരളവമ്മതമ്പുരാൻ പാട്ടു്, രാമേശ്വരം യാത്ര, അഞ്ചുതമ്പുരാൻ പാട്ടു്, ഇരവിക്കുട്ടിപ്പിള്ളപ്പോരു്, വെട്ടുവാഴത്തൻപോരു്, കേശവപിള്ളദിവാൻ പോരു്, മുതലായവ പ്രാചീനതെക്കൻ സാഹിത്യകൃതികളിൽ പ്രശസ്തിപെറ്റവയാണു്. വടക്കൻ പാട്ടുകളെക്കാളും തെക്കൻ പാട്ടുകൾക്കുള്ള പ്രാധാന്യം മർമ്മശാസ്ത്രം, വൈദ്യശാസ്ത്രം, രേഖാശാസ്ത്രം മുതലായ ശാസ്ത്രഗ്രന്ഥങ്ങളും ഗാനരൂപത്തിൽ രചിച്ചിട്ടുണ്ടെന്നുള്ളതാണു്.

ഇമ്മാതിരി നാടോടിപ്പാട്ടുകളെ അപരിഷ്കൃത ജനങ്ങളും നൃത്തങ്ങൾക്കായിട്ടായിരുന്ന യൂറോപ്പിൽ ഉപയോഗപ്പെടുത്തിവന്നതു്. ഇന്നു നിർവചിക്കുന്ന രീതിയിലുള്ള സാഹിത്യലക്ഷണങ്ങളും ഇമ്മാതിരിപ്പാട്ടുകളിൽ സുലഭമായിക്കാണുന്നില്ലെങ്കിലും യൂറോപ്യന്മാർ ഇത്തരം കൃതികളെ ഭാഷയുടെയും ജനസമുദായസ്ഥിതിയുടേയും വളർച്ചയുടെ ഒരു ഘട്ടത്തെ പ്രതിബിംബിക്കുന്ന അമൂല്യ സമ്പത്തായി പരിഗണിച്ചു് സൂക്ഷിച്ചുവരുന്നു. എന്നാൽ നമ്മുടെ ചില സാഹിത്യകാരന്മാർ ഇവയെ ഓട്ടക്കണ്ണിട്ടു വീക്ഷിക്കുന്നതു കണ്ടാൽ അല്ലയോ കൈരളീമുത്തശ്ശീ നിന്റെ ദുർവിധി എന്നല്ലാതെ എന്തു പറയട്ടേ!!

ഇപ്പോൾ ഇൻഡ്യാഗവർമ്മൻറിൽനിന്നും പ്രാചീനഗ്രന്ഥങ്ങളും സംഭരിക്കുന്നതിനു വിപുലമായ ഒരു സ്കീം ആവിഷ്കരിച്ചിട്ടുണ്ടെന്നറിയുന്നു. അതിന്റെ സൂചനയായി കേരളത്തിലും വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ കീഴിൽ "സ്റ്റോറു ആർക്കിയുസ്" വിഭാഗം പ്രവർത്തിച്ചുപോരുന്നു. അവരുടെ പ്രവർത്തനംമൂലമെങ്കിലും ഇമ്മാതിരി ഗാനങ്ങൾക്കു് ന്യായമായ വില കല്പിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം.

എന്റെ ഈ പ്രവർത്തനത്തെ അഭിനന്ദിച്ച് തിരുവിതാംകൂർ ഗവർമ്മൻറും യൂണിവേഴ്സിറ്റിയും മദ്രാസിലെ School Book and Literature society-യും അന്നു സഹായധനംതന്നു പ്രോത്സാഹിപ്പിച്ചിട്ടുണ്ടെന്ന വസ്തുതയും കൃതജ്ഞതാപുരസ്സരം പ്രസ്താവിച്ചുകൊള്ളുന്നു. എന്നാൽ ഏകാധിപത്യഭരണം പോയി പ്രജായത്തഭരണം ആവിർഭവിച്ചതിനുശേഷം ദക്ഷിണതിരുവിതാംകൂറിലെ ഈ പഴയ പാട്ടുകൾ പഴംകഥയായിത്തീർന്നിരിക്കുകയാണു്. എന്നെ സംബന്ധിച്ചേടത്തോളം കലാകമലമായുടെ സംഘടനത്തിൽ കമലയുടെ പരാജിതപരിതസ്ഥിതികൊണ്ടു് എനിക്കു് സ്വമേധയാ ഇവയെ പ്രസിദ്ധം ചെയ്യുന്നതിനും സാധിക്കുന്നില്ല. പ്രാചീനഗാനസമുച്ചയം കൊണ്ടു് കൈരളീസമ്പത്തിനു് സിദ്ധിക്കുന്ന പരിപോഷണം മനസ്സിലാക്കുന്നവരുള്ള ഒരു കാലം വരുമെന്നതന്നെ നമുക്കു ന്യായമായി പ്രതീക്ഷിക്കാം.

എന്റെ ഈ ഉദ്യമത്തിന്റെ പ്രയോജനത്തെ ശരിക്കു കണക്കിലെടുത്തുകൊണ്ടു് ഈ പുസ്തകത്തിന്റെ ഒന്നാം പതിപ്പിനു് സമുജ്ജ്വലമായ അവതാരിക എഴുതിത്തന്നും മറ്റു വിധത്തിലും സഹായിച്ച ശ്രീ: ശൂരനാട്ടു കുഞ്ഞൻപിള്ള അവർകളോടു് എനിക്കുള്ള കടപ്പാടു് നിസ്സീമമാണു്. അതുപോലെതന്നെ അന്നു് വിദ്യാഭ്യാസ ഡയറക്ടരായും ഇപ്പോൾ വിദ്യാഭ്യാസോപദേശകസമിതിയിലെ ചെയർമാനായും വിരാജിക്കുന്ന രാജശ്രീ എ.എൻ. തമ്പി അവർകളും എന്റെ അപേക്ഷ സദയം സ്വീകരിച്ചു് സമർപ്പണത്തിനു് സമ്മതിച്ചതിൽ ആ മഹാനോടു് എനിക്കുള്ള അപാരമായ കൃതജ്ഞതയും പ്രത്യേകം രേഖപ്പെടുത്തിക്കൊള്ളുന്നു.

യാതൊരുവിധ പ്രേരണയും കൂടാതെതന്നെ ഇതിന്റെ പ്രാധാന്യം ഗ്രഹിച്ച കേരളാ യൂണിവേഴ്സിറ്റി ഭാരവാഹികൾ മലയാളം വിദ്വാൻ പരീക്ഷക്കു് പാഠ്യപുസ്തകമായി ഇതിനെ അംഗീകരിച്ചതിൽ എനിക്കു് അതിയായ ചാരിതാർത്ഥ്യമുണ്ടു്. അതോടൊപ്പംതന്നെ ഈ പുസ്തകം പൂർത്തിയാക്കുന്നതിനു് കൈവ

ശമുണ്ടായിരുന്ന താളിയോലഗ്രന്ഥങ്ങളും തന്നു് സഹായിച്ച ദേശാഭിമാനികളായ പുലവന്മാരെയും ഉപദേശം കൊണ്ടും മറവും സഹായിച്ചിട്ടുള്ള ഓരോ വ്യക്തികളെയും പ്രത്യേകം പ്രത്യേകം സ്മരിച്ചുകൊണ്ടും ഈ ഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പു് സഹൃദയസമക്ഷം കാഴ്ചവച്ചുകൊള്ളുന്നു.

പ്രകാശകൻ.

കാഞ്ഞിരംകുളം

1-8-1962

സമർപ്പണം

പൗരുഷപൂർണ്ണമായ രാജ്യഭക്തിയിൽ ജീവാർപ്പണം ചെയ്ത വേണാടിന്റെ അഭിമാനസ്തംഭം പ്രതിഷ്ഠിച്ച ഇരവിക്കുട്ടിപ്പിള്ളപ്പടത്തലവനുമായുള്ള വംശപാരമ്പര്യബന്ധം കൊണ്ടും, വഞ്ചിരാജ്യസിംഹാസനത്തിനു വിശേഷാലങ്കാരമായി ശോഭിച്ച ശ്രീ വിശാഖംതിരുനാൾ മഹാരാജാ തിരുമനസ്സിലെ ദൗഹിത്രനെന്ന നിലയ്ക്കും രാജ്യവാസികൾക്ക് എല്ലാവർക്കും ബഹുമാനഭാജനവും, അപാരമായ ബുദ്ധിമഹിമയും നിർമ്മലമായ രാജഭക്തിയും അനുപമമായ നയചാതുര്യവുംകൊണ്ട് ഈ സംസ്ഥാനത്തിലെ വിദ്യാഭ്യാസശാഖയുടെ അദ്ധ്യക്ഷപദത്തിനു നിസ്തുലശോഭ ചേർക്കുന്ന മഹാനുമായ കണക്കു തമ്പി ചെമ്പകരാമൻ അരുമനാരായണൻ തമ്പി അവർകളുടെ മഹനീയസന്നിധിയിൽ ഇരവിക്കുട്ടിപ്പിള്ളയുടെ വീരചരിതമായ ഈ ഗ്രന്ഥത്തെ ഭക്തിപുരസ്സരം സമർപ്പിച്ചുകൊള്ളുന്നു.

പ്രകാശകൻ.

അവതാരിക

തെക്കൻ തിരുവിതാംകൂറിലേ ജനകീയ സാഹിത്യ സമ്പത്തുകളുടെ പ്രകാശനത്തിൽ ശ്രീമാൻ കൊച്ചുകൃഷ്ണൻ നാടാർ ചെയ്യുന്ന യത്നത്തിന്റെ സാഫല്യം ഇതിനിടയ്ക്ക് സഹൃദയന്മാർക്ക് അനുഭവപ്പെട്ടിരിക്കുമല്ലോ. ചാമുണ്ഡി കഥ എന്നും മതിലകത്തുകഥ എന്നും രണ്ടു പാട്ടുകൾ ഇതിനകം ശ്രീമാൻ നാടാരുടെ അക്ഷീണമായ പ്രയത്നത്തിന്റെ ഫലമായി പുറത്തു വന്നിട്ടുണ്ട്. ഇവയിൽ ചാമുണ്ഡികഥയുടെ അവതാരികയിൽ ഈ വിഷയത്തിലുള്ള പ്രയത്നങ്ങളെപ്പറ്റിയും അതിലുള്ള പ്രയാസങ്ങളെപ്പറ്റിയും ഈ പാട്ടുകളുടെ സാമാന്യരൂപത്തെപ്പറ്റിയും അവയ്ക്ക് സാഹിത്യത്തിലുള്ള സ്ഥാനത്തെപ്പറ്റിയും ഞാൻ ചുരുക്കത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ആ അവതാരികയിൽ ഇരവിക്കുട്ടിപ്പിള്ളപ്പോരിനെപ്പറ്റിയും ഞാൻ പ്രത്യേകമായി സൂചിപ്പിച്ചിട്ടുണ്ട്. മറ്റു പാട്ടുകളെ അപേക്ഷിച്ച് ഇരവിക്കുട്ടിപ്പിള്ളപ്പോരിന് സാഹിത്യസംബന്ധമായും അതിലും കൂടുതൽ ചരിത്രസംബന്ധമായും ഗണ്യമായ മേന്മ ഉള്ളതുകൊണ്ട് ഈ പാട്ടിന്റെ പ്രകാശനത്താൽ ശ്രീമാൻ നാടാർ നമ്മെ മുൻപുള്ളതിലും കൂടുതൽ കടപ്പെടുത്തുകയാണു ചെയ്യുന്നതു്.

നാട്ടിൽ പ്രചാരത്തിലിരിക്കുന്ന ഒരു പാട്ട് പ്രകാശിപ്പിക്കുന്നതിൽ ഇത്ര വളരെ പ്രശംസ അർഹിക്കുന്നുണ്ടോ എന്നൊരു ചോദ്യം പലരും ചോദിച്ചേക്കാം.

എന്നാൽ ഈ ചോദ്യം പലരെയും ആശ്രയിച്ചിരിക്കുന്ന അജ്ഞതയുടെ ഫലമാണെന്നു് വിശ്വാസപൂർവ്വം എനിക്കു പറയാൻ കഴിയും. നൂതനമായ ഒരു ഗ്രന്ഥത്തെ ഭാഷയ്ക്കു സമ്മാനിക്കുന്ന ഒരാളെപ്പറ്റി നമുക്കുള്ള കടപ്പാടു് വളരെ ക്ലൃപ്തതലാണു്. എങ്കിലും ഒരു പ്രാചീനകൃതി കണ്ടുപിടിച്ചു പ്രകാശിപ്പിച്ചു് ഭാഷാസേവനം സാധിക്കുന്ന ഗവേഷകന്റെ കൃത്യം ഒട്ടും പ്രയാസം കുറഞ്ഞതോ പ്രയോജനം കുറഞ്ഞതോ അല്ല. പോരാ, സത്യം പറഞ്ഞാൽ അയാളുടെ കൃത്യം പല അംശത്തിലും വളരെ പ്രയാസം ക്ലൃപ്തിയതാണു്. പ്രയോജനം ക്ലൃപ്തിയുമാണു്. നവംനവങ്ങളായി ഉണ്ടാകുന്ന ഗ്രന്ഥപുഷ്പങ്ങളാൽ ഭാഷാവല്ലരിക്കു് ഉണ്ടാകുന്ന രസികത മാത്രമല്ലല്ലോ കാര്യമായിട്ടുള്ളതു്. കാണാൻ പാടില്ലാത്ത ആഴത്തിൽ മറഞ്ഞുകിടന്നു വേരുപോലെ ആ വല്ലിയെ പോഷിപ്പിക്കുന്ന പ്രാചീനഗ്രന്ഥങ്ങളും ബഹുമാനപൂർവ്വമായ ശ്രദ്ധയെ അർഹിക്കുന്നുണ്ടു്. ഭാഷാശാസ്ത്രപണ്ഡിതനു് അവ അത്യന്തം പ്രയോജനകരങ്ങളാണു്. പല്ലവങ്ങൾക്കു കിട്ടിയ ആഴകും പൂക്കാനുണ്ടായ വളവും നിലനില്പിനു വേണ്ട കരുത്തും ആ വേരുകളിൽ നിന്നാണു കിട്ടുന്നതു് എന്നു വിചാരിക്കാൻ കഴിയാത്തവരുടെ വാദം വാദമാണോ, യുക്തി യുക്തിയാണോ ? പുതിയ പദ്ധതികളുടെയും സമ്പ്രദായങ്ങളുടെയും അടിയൊഴുക്കുകളും ആഗമപുഷ്ടികളും ബുദ്ധിപൂർവ്വം ആരായുന്നവക്കു് ബാഹ്യപ്രേരണകളുടെ ജ്ഞാനംപോലെ തന്നെ ദേശീയ പ്രസ്ഥാനങ്ങളുടെയും ഇവിടത്തെ വിചാരശൈലിയുടെയും ആഗമവികാസങ്ങളെപ്പറ്റിയുള്ള അറിവും അത്യന്താപേക്ഷിതമാണു്. പ്രാചീനസാഹിത്യ പഠനത്തിന്റെ പ്രാധാന്യത്തെപ്പറ്റി സാമാന്യമായി ഇത്രയും പറയാമെന്നിരിക്കെ

സാഹിത്യത്തിൽത്തന്നെ ഉൾപ്പെട്ടത്താതെ ഭാഷയിലെ അധസ്ഥവർഗ്ഗങ്ങളായിരിക്കുന്ന ഇത്തരം നാടൻ പാട്ടുകളെ പ്പറ്റിച്ചെയ്യുന്ന ശ്രമം എത്ര ആദരവും ശ്രദ്ധയും അർഹിക്കുന്നുവെന്നു മനസ്സിലാക്കാമല്ലോ. പ്രയോജനംകൊണ്ടു മാത്രമല്ല, ആ പ്രയോജനം കൈവരുത്തുന്നതിനു ചെയ്യേണ്ട ശ്രമത്തിന്റെ പ്രയാസംകൊണ്ടും നാടൻ പാട്ടുകളുടെ പ്രകാശനം പ്രശംസയെ അർഹിക്കുന്നു. ചിലർ ധരിച്ചേക്കാം ഈ പാട്ടുകളെല്ലാം ഇതേ രൂപത്തിൽ പലരും എഴുതി വച്ചിട്ടുണ്ടെന്നു്. വില്ലടിപ്പാട്ടുകളായതുകൊണ്ടു് പാട്ടു് തൊഴിലായി വച്ചിട്ടുള്ളവരോടു ചോദിച്ചാൽ ഏതു പാട്ടും സൗകര്യംപോലെ പറഞ്ഞുകൊടുക്കുമെന്നും വിചാരിച്ചേക്കാം. എന്നാൽ കഥകൾ ഇങ്ങനെയല്ല. ഗാനസംഭരണത്തിനു ഞാൻ ചെയ്തിട്ടുള്ള പ്രയത്നങ്ങളിൽനിന്നും ഈ വിഷയത്തിൽ എത്ര പ്രയാസമുണ്ടെന്നു് അറിവായിട്ടുണ്ടു്. ഒരു പാട്ടിന്റെയും സമ്പൂർണ്ണരൂപം ആരുടെ പക്കൽനിന്നും കിട്ടിയില്ലെന്നു വരാം. ഓരോ പുലവന്മാരുടെ കൈവശമുള്ള പാട്ടുകളിലും ഒരേ കഥയെത്തന്നെ ഒരേ പ്രകാരത്തിലല്ല പറഞ്ഞിട്ടുള്ളതെന്നും ഇരിക്കാം. ഒരേ കഥാഭാഗത്തെത്തന്നെ ഓരോ പുലവന്മാരും മനോധർമ്മമനുസരിച്ചു് കൂട്ടിയും കുറുക്കിയും വർണ്ണിച്ചു കാണും. ഈ പ്രയാസങ്ങളെല്ലാം മറ്റു് ഏതു പാട്ടിലും ഉള്ള വിധത്തിലോ അതിൽ കൂടുതലായോ ഇരവിക്കുട്ടിപ്പിള്ളപ്പോരിലും ഉള്ളതാണു്. ഈ പാട്ടിന്റെ അഞ്ചു മാതൃകകൾ പലെടത്തുനിന്നും ഞാൻ സമ്പാദിച്ചു പകർത്തിയിട്ടുണ്ടു്. അതിൽ കുറയാത്തിടത്തോളം മറ്റു മാതൃകകൾ ശ്രീമാൻ നാടാരും സംഭരിച്ചിട്ടുണ്ടു്. എന്നാൽ ഇതിൽ ഒരു പാഠവും ആദ്യന്തം

തുടർച്ചയായി മുഴുവൻ കഥ പറയുന്നതായിക്കണ്ടില്ല. ഒരേ ഭാഗം തന്നെ രണ്ടു് ഏടുകളിൽ സർവ്വത്രാ ഒരേ രൂപത്തിൽ ഇരിക്കുന്നതായും കാണാൻ കഴിഞ്ഞില്ല. പല പ്പോഴും ഓരോ പാദങ്ങളുടെ കുറേ വാക്കുകൾ തുല്യങ്ങളായും ശേഷം ഭാഗം വ്യത്യസ്തമായും ഇരിക്കുന്ന പ്രകാരവും കണ്ടു. ഇങ്ങനെയുള്ള വ്യത്യാസങ്ങളെ "ഇടതിരി" എന്നു് പറഞ്ഞു പോരുന്നു. ഈ വ്യത്യാസങ്ങൾ പദങ്ങളെ മാത്രമല്ല അർത്ഥത്തെയും സാരമായി സ്പർശിക്കുന്ന വിധത്തിലാണു കാണുന്നതു്. അർത്ഥബോധവിഷയത്തിൽ ഒരു പാഠവും സമ്പൂർണ്ണമായി സഹായിക്കുന്നുവെന്നു പറയാനുമില്ല. അഥവാ ഇതിലേ അപപാഠങ്ങളും അർത്ഥബോധത്തിനു മറുവിധത്തിൽ വിഷമമുള്ള ഭാഗങ്ങളും പല തരത്തിലാണു്. ഇതിൽ ഉപയോഗിച്ചിട്ടുള്ളതു് ഒരു മിശ്ര ഭാഷയാണു്. സാധാരണ മലയാളികൾക്കു് ആ ഭാഷ വേണ്ടപോലെ പരിചയമുള്ളതുമല്ല. അതിലേ പല പദങ്ങളും അക്കാലത്തു് നാടോടിയായി നടപ്പിലിരുന്നവയായിരിക്കാം. അവയുടെ അർത്ഥം ഇന്നു തെക്കൻ തിരുവിതാംകൂറിലുള്ള പുലവന്മാർക്കുപോലും ശരിയായിട്ടു് അറിവില്ലെന്നാണു പറയേണ്ടതു്. അക്ഷരജ്ഞാനം കുറഞ്ഞ പാട്ടുകാർ വളരെ നാളായി കൈകാര്യം ചെയ്തുവരുന്നതുകൊണ്ടു പല പാദങ്ങളും മാറി ഒന്നിനൊന്നായി വികൃതമായിത്തീർന്നിട്ടുള്ളതും സാരമായ വിഷമമാണു്. പല പാഠങ്ങളും ചേർത്താലോചിച്ചും പലപ്പോഴും ഗതി മുട്ടി ഊഹത്തെ അവലംബിച്ചുമാണു് ഈ പാട്ടിന്റെ അർത്ഥനിരീക്ഷണം ചെയ്യേണ്ടതു്. ഇങ്ങനെ എത്ര ബുദ്ധി ക്ലേശിച്ചാലും ഊഹങ്ങളെയും യുക്തികളെയും എത്രതന്നെ

വലിച്ചു നീട്ടിയാലും അത്ഥബോധം സിദ്ധിക്കാൻ പാടി
ല്ലാത്ത ഭാഗങ്ങളും ചുരുക്കമല്ല. എന്നാൽ ഇവയിലേ
പ്രയോഗങ്ങളും ശൈലികളും, പലപ്പോഴും പ്രാദേശിക
പ്രാമാണ്യംമാത്രമുള്ള വയാണെങ്കിലും, ഭാഷയുടെ പ്രാകൃത
നരൂപങ്ങളെയും ഭാവങ്ങളെയും പ്രദർശിപ്പിക്കുന്നതിനും
അവ സഹായകമാകുമെന്നുള്ളതുകൊണ്ട് അവയെ വ്യാഖ്യാ
നിക്കാൻ ചെയ്യുന്ന ശ്രമം പ്രയോജനപൂർണ്ണമാണെന്നും
കരുതണം.

ഇതുയും പറഞ്ഞതിൽ നിന്നു് ഈ പാട്ടു പ്രകാശി
പ്പിക്കുന്നതിൽ നേരിട്ടിട്ടുള്ള ക്ലേശങ്ങൾ ഊഹിക്കാവുന്നതാ
ണല്ലോ. ഇപ്പോൾ ഈ പാട്ടിനു കിട്ടിയിട്ടുള്ള ആകൃതി
ഇപ്രകാരം പ്രയാസപൂർണ്ണമായ പ്രയത്നത്തിന്റെ ഫലമാ
ണെങ്കിലും, ഇതു സമ്പൂർണ്ണമാണെന്നും ഇതിനെ ഈ നില
യ്ക്കു് ഇങ്ങനെതന്നെ നിന്നുകൊള്ളാനാണു് അനുവദി
ക്കുന്നതെന്നും കരുതരുതു്. ശ്രീമാൻ നാടാരുടെ കൈ
യിലും എന്റെ പക്കലും ഉണ്ടായിരുന്ന ഇരവിക്കുട്ടിപ്പി
ള്ളപ്പോരിന്റെ മാതൃകകളെ ഒന്നു ചേർത്തിണക്കി കഥാഗ
തിയെ ശരിപ്പെടുത്തി ഒരു താത്കാലികമായ സാമാന്യ
രൂപം കൊടുത്തിട്ടുള്ളതാണു് ഈ പതിപ്പിൽ കാണുന്ന
രൂപം. ഞങ്ങളുടെ കൈയ്യിൽ ഉണ്ടായിരുന്ന മാതൃകക
ളിൽ ഒരേ കഥാഭാഗം ഒന്നിൽ കൂടുതൽ പ്രകാരമുള്ളവയെ
അതാതു ഭാഗങ്ങളിൽ ചെറിയ അക്ഷരത്തിൽ അടിക്കു്
അച്ചടിച്ചിട്ടുണ്ടു്. കിട്ടിയിടത്തോളം ഗാന മാതൃകകൾ
പ്രകാശിപ്പിച്ചേക്കാമെന്നുള്ള ആഗ്രഹംകൊണ്ടാണു് അപ്ര
കാരം ചെയ്തിട്ടുള്ളതു്. ഓരോ ഗാനമാതൃകയിലും സാരഭാ
ഗങ്ങൾ വളരെ വിട്ടുപോയിട്ടുള്ളതു് അവധാനപൂർവ്വം
മറ്റു മാതൃകകളിൽനിന്നു് ഉദ്ധരിച്ചു ശരിപ്പെടുത്തിയാണു്

ഈ രൂപം കൊടുത്തിട്ടുള്ളതു്. ഈ ഗതിയിൽ എത്ര തന്നെ സൂക്ഷിച്ചാലും എടുത്തുചേർക്കുന്ന ഭാഗങ്ങൾ ചില പ്പോൾ മൂൻപിൻഭാഗങ്ങളോടു വേണ്ടത്ര ഐക്യരൂപ്യ ഭംഗി ക്രടാതെ മുഴച്ചുനിൽക്കുന്നതുപോലെ തോന്നിപ്പോകുന്നുവെങ്കിൽ അതു പരിഹരിക്കപ്പെടാവുന്നതല്ല. എന്നാൽ ഇനിയും കിട്ടാവുന്ന ഗ്രന്ഥങ്ങൾക്രടെ പരിശോധിച്ചും മററു തരത്തിലുള്ള ഗവേഷണങ്ങൾ ചെയ്തും ഈ പാട്ടിന്റെ രൂപത്തെ പരിഷ്കരിച്ചു് ഇതിലും മനോഹരമാക്കാൻ യത്നിക്കുന്നതായിരിക്കുമെന്നുള്ള പ്രതിജ്ഞകൊണ്ടു സഹൃദയലോകം തത്കാലം തൃപ്തിപ്പെടണമെന്നാണു് ഞങ്ങളുടെ അപേക്ഷ.

ഈ ഗാനത്തിന്റെ രൂപത്തെപ്പറ്റി ഇത്രയും പറയാൻ ഇടവന്നതുകൊണ്ടു് ഇതിന്റെ സാമാന്യസ്വഭാവത്തെ പരാമർശിച്ചു കുറച്ചു കാര്യങ്ങൾക്രടെ പറയാം. ഇതിവൃത്തം കൊണ്ടും പ്രതിപാദനരീതികൊണ്ടും ഇതു തെക്കൻ തിരുവിതാംക്രറിലെ ഒരു വീരചരിതവും ഒരു ദേശീയ ഇതിഹാസകാവ്യവുമാണെന്നു പറയണം. വേണാട്ടിലെ പ്രധാനമന്ത്രി ആയിരുന്ന ഇരവിക്കുട്ടിപ്പിള്ള കൊല്ലം എണ്ണൂറ്റിപ്പത്താമാണ്ടു് വേണാട്ടിനെ ആക്രമിച്ച മധുരപ്പടയോടിടഞ്ഞു്, കണിയാകുളം എന്ന സ്ഥലത്തുവച്ചു് വീരചരമം അടഞ്ഞുവെന്ന കരുണരസപൂർണ്ണമായ ഇതിവൃത്തത്തെ ആസ്പദമാക്കിയാണു് വീരാരാധകന്മാരായ നാടൻ പാട്ടുകാർ മനോധർമ്മസുരഭിലമായ ഈ ദീർഘഗാനവിലാപത്തെ രചിച്ചിട്ടുള്ളതു്. ഇത്രത്തോളം അല്പമായിട്ടുള്ള കഥാശരീരത്തെ വൃഥാ സ്ഥൂലമെന്നു് ഒരിക്കലും തോന്നാത്ത പ്രകാരത്തിൽ നീട്ടി സാമാന്യം ദീർഘമെന്നു

കരുതേണ്ട ഒരു വീരചരമകാവ്യത്തെ സൃഷ്ടിച്ച കവി, അല്ല കവികൾ, അല്ല വെറും നാട്ടുകാരായ പാട്ടുകാർ, യഥാർത്ഥത്തിൽ കവികളും പാട്ടുകാരും നാട്ടുകാരും തന്നെ ആയിരുന്നു. അവർ കാവ്യകല അഭ്യസിച്ച പണ്ഡിതന്മാരല്ലായിരുന്നിരിക്കുമെങ്കിലും, കാവ്യകല അവരുടെ ഹൃദയത്തിൽ കുടികൊണ്ടിരുന്നുവെന്നു നിശ്ചയമായി പറയണം. എന്താണു കാവ്യകല? രുചിരങ്ങളായ ശബ്ദാർത്ഥങ്ങളല്ലേ? മനോഹരങ്ങളായ രസങ്ങളല്ലേ? ഹൃദയത്തെ അലിയിക്കുന്ന ബന്ധചാതുര്യമല്ലേ? അതെല്ലാം ഈ പാട്ടിൽ ധാരാളമുണ്ട്. അവർ നല്ല പാട്ടുകാരായിരുന്നു. അവർ നിർമ്മിച്ച ഈ പാട്ട് ഗാനാത്മകമാണു്. ഈ പാട്ട് വില്ലടിപ്രയോഗത്തോടുകൂടി പാടുമ്പോൾ വീരരസത്തിന്റെയും കരുണരസത്തിന്റെയും വിളയാട്ടം അവിടെ സ്വയം പ്രത്യക്ഷപ്പെടും. കരയാതെ ഈ പാട്ടു കേൾക്കാൻ ആർക്കും സാധ്യമല്ലെന്നും വരും. ശരി, ഇതു നിർമ്മിച്ചവർ നല്ല പാട്ടുകാർ തന്നെ. അവർ നല്ല നാട്ടുകാരും ആയിരുന്നുവെന്നു പറഞ്ഞല്ലോ. നാട്ടിന്റെ അഭിമാനത്തെ രക്ഷിച്ചു് മഹാനായ മന്ത്രിയുടെ വീരചരിതവും വീരചരമവും അവർ അഭിമാനത്തോടുകൂടി പാടുകയാണു ചെയ്തതു്. നാട്ടിന്റെ പൗരുഷകഥകളിൽ വിജൃംഭിതവീര്യന്മാരായ അവർ മനസ്സു നിറഞ്ഞ അഭിമാനത്തോടും ദുഃഖത്തോടും കൂടി ഒരു സ്മാരക കാവ്യത്തെ സൃഷ്ടിക്കുകയും ചെയ്തു. ഒരാളായിട്ടല്ല നാട്ടുകാരിൽ പാട്ടറിയാവുന്നവർ എല്ലാവരുംകൂടെ. ഒരു കാലത്തല്ല, ഇരവിക്കുട്ടിപ്പിള്ള മരിച്ചന്നുതൊട്ടു് ഇന്നുവരെ. ഒരു സമുദായത്തിന്റേതായിട്ടല്ല, തെക്കൻ തിരുവിതാംകൂറിൽ താമസിക്കുന്ന എല്ലാവരുമായിട്ടു്. ഇതിന്റെ എല്ലാം ഫലമായി പിള്ളയുടെ

ജനനസൂചന, മന്ത്രിപദപ്രാപ്തി ഇത്രയും അല്പമായി പറഞ്ഞിട്ട്, വട്ടകപ്പടയുടെ വരവിനെപ്പറ്റിയും, മന്ത്രിക്കു വിരുദ്ധമായിട്ടുള്ള ദുരാലോചനകളെപ്പറ്റിയും, മന്ത്രിയുടെ മരണശേഷമുണ്ടായ ദാരുണവിലാപങ്ങളെപ്പറ്റിയും, കാളിനായർ മധുരപ്പടയിൽച്ചെന്നു് മന്ത്രിയുടെ തല തിരിച്ചുകൊണ്ടുവരുന്നതിനെപ്പറ്റിയും മറ്റും, പല വൃത്തങ്ങളിലുള്ള അത്യന്തം മനോഹരങ്ങളായ ഓരോ ഗാനങ്ങളും ചേർന്നാണു് ഇപ്പോഴത്തെ ഗാനരൂപം പുഷ്ടി പ്രാപിച്ചിട്ടുള്ളതു്. അതുകൊണ്ടാണു് അതായതു് ഒരു കാലത്തു് ഒരാൾ മാത്രം പ്രത്യേകമായിട്ടുള്ള നിബന്ധനയനുസരിച്ചു എഴുതിത്തീർത്തിട്ടില്ലാത്തതുകൊണ്ടാണു്, സ്വാഭാവികമായ രചനാപൂർത്തി ഇതിലില്ലാതെ വന്നുപോയിരിക്കുന്നതു്. വട്ടകപ്പടയോടു് എതിർത്തു് ഇരവിക്കുട്ടിപ്പിള്ള മരിച്ചുവെന്നും, വട്ടകപ്പട വെട്ടിക്കൊണ്ടുപോയ പിള്ളയുടെ തല കാളിനായർ തിരിച്ചു കൊണ്ടുവന്നുവെന്നുമുള്ള കഥയെ ആദ്യം ഒരാൾ ചെറുതായി ഒരു പാട്ടാക്കിയിരിക്കണം. പിന്നീടുവന്ന പലരും അതിന്റെ ഓരോ ഭാഗങ്ങളെയും ചമൽക്കാരപൂർവ്വം വിസ്തരിച്ചു പാട്ടാക്കി ഇടയ്ക്കു ചൊരുകി പാട്ടിനെ വലുതാക്കിയിരിക്കും. അങ്ങനെ ഓരോരുത്തർ ഉണ്ടാക്കിയ ഗാനങ്ങളും തന്നെ മറ്റുള്ളവർ ഭേദങ്ങളോടുകൂടി സ്വീകരിച്ചിരിക്കും. ആ വിധത്തിൽ പാട്ടിന്റെ പല ഭാഗങ്ങൾക്കും അല്പാല്പമായ വ്യത്യാസങ്ങളും വന്നിരിക്കണം. ഓരോ പുലവന്മാരും ഗാനത്തിനു സ്വീകരിക്കുന്ന വിവിധമാതൃകകളും അവരവർക്കു് കൃതൽ സ്വാധീനതയും രുചിയും ഉള്ളതായിരിക്കുന്നതുകൊണ്ടു് ചിലപ്പോൾ മുൻപിൽ പാട്ടുകളുടെ വൃത്തങ്ങളോടു് അനുരൂപമല്ലാത്ത

വൃത്തങ്ങളിലും പാട്ടുകൾ നിബന്ധിച്ചിരിക്കുന്നതായിക്കാണാം. എന്നാൽ സാമാന്യമായി പറയുമ്പോൾ ഓരോ പാട്ടിലും സ്വീകരിച്ചിരിക്കുന്ന വൃത്തം അതാതു പാട്ടിലേ മുഖ്യാർത്ഥത്തെ പ്രകാശിപ്പിക്കാൻ സമർത്ഥമായിട്ടുള്ളതാണെന്നു കാണാം. ഓരോ ഭാഗത്തെ പരാമർശിക്കുന്ന പല പാട്ടുകൾക്കും അന്യോന്യം രചനാവിഷയകമായ പൂർണ്ണബന്ധമുണ്ടെന്നു കല്പിക്കാൻ നിവൃത്തിയില്ലെങ്കിലും എല്ലാ പാട്ടുകളും ക്രമീകരിച്ചേർന്ന് ആക്ഷേപരഹിതമായ വിധത്തിൽ ഒരു കാവ്യസ്വരൂപമായിത്തീരുന്നുണ്ടെന്നു നിശ്ചയമായും സമ്മതിക്കണം. പലപ്പോഴായി പലരുംക്രമീകരിച്ചിട്ടുള്ള ഈ ഗാനരചനയിൽ ഇത്രയും അനുക്രമഭംഗികരം കാണുന്നതുതന്നെ പ്രശംസനീയമാണു്. ഇതിഹാസഗൗരവം കലർത്താനായി മറവു് ഇതിഹാസങ്ങളുടെ മഹായാരൂപങ്ങളെ അനുകരിക്കാതെ കഥാഗതിയെ രൂപീകരിക്കുന്നതിനും, സൈന്യസന്നാഹത്തെ ചിത്രീകരിക്കുന്നതിനും, യുദ്ധത്തിമിർപ്പു വർണ്ണിക്കുന്നതിനും ഈ പാട്ടുകാർ പ്രകടിപ്പിക്കുന്ന വൈചിത്ര്യഭംഗികരം അന്യാദൃശമാണു്. വിശിഷ്ടങ്ങളും വിചിത്രങ്ങളുമായ പ്രാസപ്രയോഗങ്ങരം, ശ്രുതിയെ ആകർഷിക്കുന്ന ആവർത്തനങ്ങരം, വിശ്വാസത്തെ ദൃഢപ്പെടുത്തുന്ന സമുച്ചയങ്ങരം, ദേശസംസ്കാരത്തെ സന്നിഗ്ദ്ധമായി പ്രതിഫലിപ്പിക്കുന്ന വാർത്താകഥനങ്ങരം, ഇവയെല്ലാം ഒത്തിണങ്ങി ഈ പാട്ടിന്റെ കാവ്യരൂപത്തെ ശോഭാവഹമാക്കുന്നു. ഇവയെല്ലാം സാഹിത്യഭക്തന്മാരുടെ ഗാഢമായ ശ്രദ്ധയെ ഇങ്ങോട്ടു് ആകർഷിക്കുന്നു. ഇതൊരു നാടൻ പാട്ടല്ലേ, പ്രൗഢസാഹിത്യം പഠിക്കുന്ന ഞങ്ങരംക്കിതിൽ കാര്യമില്ല, എന്നു പറയുന്നവരുടെ മൗഢ്യതയെ നോക്കി ഇതിലേ കാവ്യഭംഗികരം പരിഹസിക്കുന്നു. സാഹിത്യ പഠനത്തിനും ഭാഷാപഠനത്തിനും

ഈ പാട്ടിന്റെ പഠനം ക്രടെ അത്യാവശ്യമാണെന്നും, ഇതിന്റെ രൂപവും പ്രതിപാദനവും മലയാള സാഹിത്യത്തിനു് അഭിമാനകരമാണെന്നും ഇതുയുംകൊണ്ടു സിദ്ധിക്കുമല്ലോ.

ഈ പാട്ടിന്റെ സാഹിത്യഗുണങ്ങളെപ്പറ്റി തുടൻ പറയുന്നതിനു മുൻപു് ചരിത്രസംബന്ധമായി ഇതിന്റെ പ്രാധാന്യത്തെ വിശദമാക്കേണ്ടതുണ്ടു്. എന്തെന്നാൽ സാഹിത്യത്തിൽ ഉള്ളിടത്തോളമോ അതിൽ കൂടുതലോ സ്ഥാനം ഈ കൃതിക്കു് ചരിത്രസംബന്ധമായുണ്ടെന്നു നിശ്ചയമായി പറയേണ്ടിയിരിക്കുന്നു. കൊല്ലം ഒൻപതാം ശതകത്തിന്റെ ആദികാലത്തു് ഉണ്ടായ അതിപ്രധാനമായ ഒരു ചരിത്രസംഭവത്തെ സംബന്ധിച്ചു നിർമ്മിച്ചിട്ടുള്ള ഈ പാട്ടു് അക്കാലത്തെ ഒരു പ്രധാനചരിത്രരേഖ എന്നുള്ള നിലയ്ക്കു് ശ്രദ്ധാപൂർവമായ പഠനം അർഹിക്കുന്നുണ്ടു്. കൊല്ലം ഒൻപതാം ശതകത്തിന്റെ ആദിയിൽ ഉണ്ടായതെന്നു പറഞ്ഞതിനാൽ ഇതിന്റെ കാലഗണന പൂരസ്സരിച്ചുകൊണ്ടു ചിന്ത തുടങ്ങാം. ഈ പാട്ടിനെപ്പറ്റി ആദ്യമായി രേഖപ്പെടുത്തിയ ഭാഷാചരിത്രകാരനായ ശ്രീമാൻ പി. ഗോവിന്ദപ്പിള്ള അവർകൾ കൊല്ലവർഷം ഏഴാം ശതാബ്ദത്തിന്റെ അവസാനത്തോടടുക്കുടി ഈ പാട്ടു് ഉണ്ടായിട്ടുള്ളതായി പ്രസ്താവിച്ചിരിക്കുന്നു.*"കൊല്ലവർഷം 670-ാമാണ്ടിടയ്ക്കു് വേണാടു് രാമവർമ്മരാജാവു് രാജ്യഭാരം ചെയ്തിരുന്ന കാലം പാണ്ടിയിൽ രാമപ്പയ്യൻ എന്നൊരു പാളയപ്പട്ടുകാരൻ സൈന്യങ്ങളോടടുക്കുടി പുലിയൂർക്കുറിച്ചിയിൽ യുദ്ധത്തിനായിട്ടു് വന്നു. അന്നു തിരുവിതാംകോടു രാജ്യമന്ത്രിയായിരുന്ന ഇരവിക്കുട്ടിപ്പിള്ള അവ

* ഭാഷാചരിത്രം പുറം 146

രോട്ട യുദ്ധം ചെയ്ത പോരിൽ മരിച്ചു. ഒടുവിൽ രാമപ്പയ്യനെ രാജാവിന്റെ സേന തോല്പിച്ചയച്ചു. ഈ പോരിനെക്കുറിച്ച് തെക്കൻപാട്ടിക്കിൽ അക്കാലത്തു് ഉണ്ടാക്കീട്ടുള്ള പാട്ട് ഇപ്പോഴും മക്കിണതിരുവിതാംകൂറിൽ നടപ്പുണ്ട്. അതു തമിഴരീതിയായിട്ട കാണുന്നു." ഇതിൽ പറഞ്ഞിട്ടുള്ള കാലം ഒന്നുകൊണ്ടും യോജിക്കുന്നതല്ല. ഈ വിഷയത്തിൽ പാട്ടിൽനിന്നതന്നെ വേണ്ട തെളിവു കിട്ടുന്നതിനാൽ സംശയത്തിനു വകയില്ല. കൊല്ലവർഷം എണ്ണൂറ്റിപ്പത്താമാണ്ടാണു് സംഭവം നടന്നതെന്നു് പാട്ടിൽ വ്യക്തമായി പറഞ്ഞിട്ടുണ്ടു്.

"നേശമുറകൊല്ലം എണ്ണൂറി ഒരുപതാമാണ്ടു്
നിറംപട ആനിമാസം പതിനെട്ടാം തേതിതന്നിൽ"

എന്നു പറഞ്ഞിട്ടുണ്ടല്ലോ. (പുറം 4). എണ്ണൂറി ഒരുപതാമാണ്ടു് എന്നതിനു പകരം "എണ്ണൂറ്റി ഇരുപതാമാണ്ടതനിൽ" എന്നു വായിച്ചതുകൊണ്ടു് 820-ാമാണ്ടാണു് സംഭവം നടന്നതെന്നു ശ്രീമാൻ ആർ. നാരായണപ്പണിക്കർ അവർകൾ അഭിപ്രായപ്പെട്ടതു്. *എന്നാൽ മഹാകവി ഉള്ളൂർ എസ്സു്. പരമേശ്വരയ്യർ അവർകളാകട്ടെ കൊല്ലവർഷം 810-നു ശരിയായ ക്രിസ്തുവർഷം 1635-ൽ ആണു് സംഭവം നടന്നതെന്നു പറഞ്ഞിട്ടുണ്ടു്. തിരുമലനായിക്കന്റെ സേനാനായകനാണു് രാമപ്പയ്യൻ എന്നു പാട്ടിൽ തന്നെ വ്യക്തമാക്കിയിരിക്കുന്ന സ്ഥിതിക്കു് 670 എന്നുള്ള കാലഗണനയ്ക്കു് നിവൃത്തി ഇല്ലെന്നും 810-ൽത്തന്നെയാണു് സംഭവം നടന്നതെന്നും ഊഹിക്കുവാൻ ന്യായമുണ്ടു്. തിരുമലനായിക്കന്റെ മരണം കൊല്ലവർഷം 798-ൽ ആണു് തുടങ്ങിയതു്. അദ്ദേഹം കൊല്ലം 810-ൽ തിരുവിതാംകൂറിനെ ആക്രമിച്ചതായുള്ള രേഖ

*കേരളഭാഷാസാഹിത്യചരിത്രം രണ്ടാം വാല്യം പുറം 103.

താഴക്കുടി പെരിയവീട്ടു മുതലിയാരുടെ വീട്ടിൽനിന്നു കണ്ടുകിട്ടിയിട്ടുണ്ടു്. എണ്ണൂററിപ്പത്താമാണ്ടു് വടുകപ്പട നാഞ്ചി നാട്ടിൽ വന്നു പലവിധ അക്രമങ്ങളും ചെയ്തുകൊണ്ടും കൃഷിനാശങ്ങളും സംഭവിച്ചുകൊണ്ടും, ഒരുപ്പൂവാരവും മേൽവാരവും മംഗലം മണക്കുടി ഉൾപ്പെട്ട നാടുകളിൽ ഒഴിഞ്ഞുകൊടുത്ത നീട്ടു് ആണു് അതു്. *809 അവസാനമോ 810 ആദ്യമോ അവർ തിരുവിതാംകൂർ ആക്രമണം തുടങ്ങിയെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. ആദ്യം വേലയ്യൻ എന്ന സേനാനായകന്റെ നേതൃത്വത്തിൽ ആക്രമണം ആരംഭിച്ചെങ്കിലും, വേണാട്ടുസൈന്യം വേലയ്യനെ കൊന്നു വടുകപ്പടയെ തോല്പിച്ചുവിട്ടു. (പുറം 5). വേലയ്യന്റെ പരാജയവും മരണവും കേട്ടു തിരുമലനായിക്കൻ വേറൊരു സൈന്യത്തെ കൊല്ലം എണ്ണൂററിപ്പതു് അവസാനത്തോടുകൂടി വേണാടു് ആക്രമണത്തിനായിട്ടയച്ചു.

---

*" തിരുമലനായിക്കർ പടൈ കൊണ്ടുവന്ന ഏഴുവായ് എണ്ണൂറു ഒരുപതാമാണ്ടു് കാർ തരിചു വീഴ്ന്നു പചാനം പയിരേറുവാൻ കാലവിർ പാടഴ് കൈകൊണ്ട മണവാരിയും ചംപാവും അതിക്കിരുവിയും വിതൈച്ചു പുഴക്കോളായ്പ്പോകൈകൊണ്ടും പോതരവു ഇല്ലുഴ്കൈകൊണ്ടും നാട്ടിന നോവുനൊൻപലംഒണ്ടായ് മങ്കലം മുതൽ മണക്കുടിവരൈ ഉപരുംപറവുത്തളിചക്കേതം ഉൾപ്പട്ടനാട്ടാർ കൽക്കളത്തു നാം ഇരിക്കിൻറപ്പത്തു വന്നു തംകടം പറൈകയിൽ എണ്ണൂററി ഒരുപതാമാണ്ടു് പചാനം, ഒരുപ്പൂമേൽ വാരം വേണ്ടാമെൻറു പചാനം മേൽവാരമായ് അളക്കുമാറും ചെയ്തു. ഇതു എണ്ണൂററി ഒരുപതാമാണ്ടു് മാചിമാതം ഇരുപത്തു ഇരണ്ടാന്തേയതി കൽപ്പിത്തമൈക്കു ഇപ്പൈകൈപ്പടിയെയ മങ്കല മുതൽ മണക്കുടിവരൈ പെരുമ്പാറു തളിചക്കേതം ഉൾപ്പട്ട പചാനം മേൽവാരമാക അളക്കുമാറും കർപ്പിച്ചു. ഇപ്പൈയിതിചൊല്ലി നാഞ്ചിനാട്ടു മങ്കലമുതൽ മണക്കുടിവരൈ പെരുമ്പാറുത്തളിചക്കേതം ഉൾപ്പട്ട വടവകൈതെൻവീതി നാട്ടാർക്കു നീട്ടു എഴുതിവിട്ടക എൻറു തിരുവുള്ളമായ നീട്ടു" നാഗമയ്യാ സ്റ്റേറു മാന്വൽ വാല്യം 1 പേജു് 302 ക്കുടെ നോക്കുക.

ആ സൈന്യം രാമപ്പയ്യന്റെ നേതൃത്വത്തിൽ നാഞ്ചിനാ ട്ടിൽ വന്നു പാളയം അടിച്ചു് കണിയാകുളത്തുവച്ചു് വേ ണാട്ടു സൈന്യത്തോടു് എതിത്ത കഥയാണു് ഈ പാ ട്ടിന്റെ വിഷയം.

ഇതിൽനിന്നു തെളിയുന്നതു് എണ്ണൂറ്റിപ്പത്താമാണ്ടു് തിരുമലനായിക്കന്റെ സൈന്യം വേണാട്ടിനെ ആക്രമിക്കാ നണ്ടായ കാരണം വേലയ്യന്റെ പരാജയവും മരണവുമാ ണെന്നത്രേ. എന്നാൽ മധുരയിലേ നായിക്കന്മാരുടെ ചരിത്രം എഴുതിയിട്ടുള്ള ചില പണ്ഡിതന്മാർ തിരുവി താംകൂർ ആദ്യം വിജയനഗരത്തിന്റെയും അനന്തരം മധു രനായിക്കന്മാരുടെയും കീഴിൽ ഇരുന്നുവെന്നും അവരുടെ അധികാരത്തെ മത്സരിച്ചതുകൊണ്ടാണു് ആ ആക്രമണം ഉണ്ടായതെന്നും മറ്റും സൂചിപ്പിച്ചുകാണുന്നു. †തിരുമല നായിക്കൻ തിരുവിതാംകൂറിനെ കീഴടക്കി എന്നും നാഞ്ചി നാട്ടരാജാവിനെ മധുരയിലേ 72 പാളയക്കാരുടെ പ്രധാ നിയാക്കി എന്നും ശ്രീമാൻ നാഗമയ്യാ അവർകളും അവ തരിപ്പിച്ചിട്ടുണ്ടു്. * ഈ പ്രസ്താവനയുടെ യാഥാർത്ഥ്യത്തെ മി. നാഗമയ്യാ വിശ്വസിക്കുന്നില്ലെങ്കിലും ഇതു തെറ്റാ ണെന്നു ചൂണ്ടിക്കാണിക്കാനും അദ്ദേഹം ശ്രമിച്ചിട്ടില്ല. എന്നാൽ തിരുവിതാംകൂറിനെ കീഴടക്കാൻ മധുരയ്ക്കു് ഒരിക്കലും സാധിച്ചിട്ടില്ലെന്നും തിരുവിതാംകൂർ സ്വതന്ത്ര മായി വർത്തിച്ചിരുന്നുവെന്നും പുതിയ സ്റ്റേറ്റുമാന്വലിൽ ശ്രീ. സദസ്യതിലക ടി.കെ. വേലുപ്പിള്ള അവർകൾ തെളി യിച്ചിട്ടുണ്ടു്. ‡ 810-ലേ ഈ യുദ്ധത്തിലും തിരുമലനായി ക്കനു് ജയം കിട്ടിയില്ലെന്നും തിരുവിതാംകൂർ പിന്നീടും

† History of the Nayaks of Madura P. 120

* സ്റ്റേറ്റു മാന്വൽ വാല്യം 2 പുറം 186--192.

‡ State Manuel Vol. II, P. 316

മധുരക്കാരോട്ട് എതിർക്കാൻ സന്നദ്ധമായി സൈന്യ സന്നാഹം ചെയ്തു വച്ചിച്ചിരുന്നുവെന്നും തെളിയിക്കുന്ന രേഖകളും ഉണ്ട്. കൊല്ലം 839-ാമാണ്ട് (A.D. 1664) തിരുവിതാംകൂർ സന്ദർശിച്ച ജാൺ ന്യൂഹാഫ് എന്ന ഡച്ചുകാരൻ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. "മധുര നായിക്കന്റെ ശക്തി ഭയപ്പെട്ട് തിരുവിതാംകൂർ മഹാ രാജാവ് പതിനായിരം നായർപടയെ കൽക്കുളത്തു താമസിപ്പിച്ചിട്ടുണ്ട്." *

രാജ്യശക്തി അനുസരിച്ചു നോക്കുമ്പോൾ തിരുവിതാംകൂർ അന്ന് സ്വതന്ത്രമായ ഒരു രാജ്യമായിരുന്നുവെന്നു ഇങ്ങനെ മനസ്സിലാക്കാവുന്നതാണ്. രാജ്യത്തിന്റെ വിസ്തീർണ്ണത തുടങ്ങിയുള്ള മറ്റു കാര്യങ്ങളെപ്പറ്റിയും പാട്ടിൽ നിന്നു ഗണ്യമായ ചില തെളിവുകൾ കിട്ടുന്നു. ഈ അംശത്തെ മറ്റു രേഖകളുമായി താരതമ്യപ്പെടുത്തി ചില പ്രധാന സംഗതികൾ ഇവിടെ വിവരിക്കാം. സാധാരണബോധം അനുസരിച്ച് അന്നു വേണാടിന്റെ വടക്കെ അതിർത്തി ഇടവാ ആയിരുന്നു. എന്നാൽ വാസ്തവമാകട്ടെ ഭേശിങ്ങനാടെന്നും കൊല്ലമെന്നും പറയുന്ന ദേശം എന്നും വേണാടിന്റെ അഖണ്ഡമായ ഒരു ഭാഗമായിരുന്നു. ഈ പാട്ടനുസരിച്ച് 810-ൽ സൈന്യസന്നാഹം ചെയ്ത സ്ഥലങ്ങളുടെ പേരു പറയുന്നതിൽ നിന്ന് ഈ വസ്തുത വ്യക്തമായി തെളിയുന്നുണ്ട്. "കൊല്ലം കല്ലട പൊന്നാറ്റിങ്കൽ ചിറയിൻകീഴ്" എന്നു തുടങ്ങുന്ന പാട്ട് ഈ അംശത്തിൽ വേണ്ട തെളിവാണ്. (പുറം 42). വേണാടിന്റെ വടക്കേ അറ്റമായി പറഞ്ഞിരിക്കുന്ന ഭാഗങ്ങൾ കൊല്ലവും

* Churchill's Collection of Voyages and Travels· Vol. II, Page 228.

കല്പടയുമാണു്. ചരിത്രബോധമില്ലാത്ത പാട്ടുകാർ വായിൽവന്നപ്രകാരം ഈ ദേശങ്ങളുടെ പേരു പറഞ്ഞതല്ലെന്നു് ഈ പാട്ടു ശ്രദ്ധിച്ചു വായിച്ചാൽ മനസ്സിലാകും. ഈ വിഷയത്തെ സംബന്ധിച്ചു് സകല പ്രമാണങ്ങളും പരിശോധിച്ചുകൊണ്ടു് ഞാൻ 1119-ലേ ശ്രീ ചിത്രയുഗം വിശേഷാൽപ്രതിയിൽ എഴുതിയിരുന്ന ലേഖനത്തിൽ വേണാട്ടിന്റെ വിസ്തീർണ്ണതയെപ്പറ്റി വേണ്ടപോലെ വ്യക്തമാക്കിയിട്ടുണ്ടു്. കൊല്ലവർഷം 860-ാമാണ്ടു് രവിവർമ്മ വേണാടു മൂപ്പേറ്റപ്പോൾ അദ്ദേഹം ദേശിങ്ങനാട്ടും മൂപ്പേറുവെന്നുള്ളതുകൊണ്ടു് അക്കാലത്തും കൊല്ലം വേണാടിന്റെ ഒരു ഭാഗമായിരുന്നുവെന്നും വ്യതിരിക്തമായിരുന്നില്ലെന്നും തെളിയുന്നതാണു്. *കൊല്ലം 871-ൽ പുലപ്പേടിയും മണ്ണാപ്പേടിയും മാറാനായി പ്രസിദ്ധപ്പെടുത്തിയ രാജശാസനത്തിൽ തിരുവിതാംക്കൂറിന്റെ എലുക തോവാളയ്ക്കും കണ്ണേററിയ്ക്കും ഇടയ്ക്കുന്ന വ്യക്തമായി പറഞ്ഞിരിക്കുന്നു. † ഇതുകൊണ്ടു് പാട്ടിൽ കാണുന്ന ഈ പ്രസ്താവത്തിൽ അശേഷം സംശയത്തിനവകാശമില്ല.

കണ്ണിയാകുളം യുദ്ധം നടന്ന കാലത്തു് വേണാട്ടിൽ ആധിപത്യം വഹിച്ചിരുന്നതു് തൃപ്പാപ്പൂർ കീഴ്പേരൂർ

---

* Kerala Society Papers page 341.

† "കെന്നിവീയരഴം നിൻറ കൊല്ലം 871-ാമാണ്ടു് തൈമാസം 25-ാംനു- ചനിയരഴ്ചയും ചതയവും പൂർവപക്കിഴത്തു പിറതിപതവും ചിങ്കക്കരണവും പരികനാമയോകവും ഇന്നാളിൽ വീരകേരളവർമ്മ ചിറവാമൂത്ത തമ്പിരാൻ കല്ലുളത്തു എഴുന്നരുളി ഇരുന്നരുളി കല്പിത്തപടിക്ക രണ്ടുവക ചകാച്ചെറവുംകൂടി കൽപ്പിത്ത മൊളിയാവിതു. തോവാളക്ക മേക്ക കണ്ണേററിക്ക കിഴക്ക കടലിനും മലൈക്കും അകപ്പെട്ട നാട്ടിൽ പുലപ്പേടിയും മണ്ണാപ്പേടിയും ഇല്ല എന്നു തമ്പിരാൻ തിരുവുള്ളംപററി കല്പിച്ചുപടിക്ക വെട്ടിനാട്ടിയ കല്പന" (T. A. S. Vol. VII)

ശ്രീവീരഇരവി ഇരവിവർമ്മ ചിറവാ മൂത്തതിരുവടിയായിരുന്നു. അദ്ദേഹം 786 മുതൽ 838 വരെ ചിറവാ മൂപ്പു വഹിച്ചിരുന്നതായി ചില രേഖകളിൽനിന്നൂഹിക്കാം. * എന്നാൽ രവിവമ്മ മഹാരാജാവിനോടുചേർന്ന് ദേശിംഗനാട്ട് മൂത്തതിരുവടിയായ ശ്രീവീര ഉണ്ണിക്കേരളവമ്മയും ഭരണകാര്യങ്ങളും വഹിച്ചിരുന്നുവെന്നു തെളിയിക്കുന്ന രേഖകളുണ്ട്. പാട്ടിന്റെ ആദിയിൽ "വാശമൊത്തരവിതിരുമരുകരാണ്ട" എന്നു പറഞ്ഞിരിക്കുന്നത് രവിവർമ്മയുടെ മരുമകനായ ഉണ്ണിക്കേരളവമ്മയെ പരാമർശിക്കുന്നതായി കരുതണം. അന്നത്തെ മഹാരാജാവിനെ നാമനിർദ്ദേശം ചെയ്യാനായി മാത്താണ്ഡവമ്മയെന്ന പാട്ടിന്റെ ചില മാതൃകകളിൽ കാണുന്ന പാഠങ്ങളും പ്രമാദംകൊണ്ടായിരിക്കാനേ തരമുള്ളൂ. അഥവാ ആ ഭാഗങ്ങളും അനന്തരകാലത്ത് മാത്താണ്ഡവമ്മയെന്ന പേരുള്ള മറവു മഹാരാജാക്കന്മാർ നാടുവാണപ്പോൾ ചരിത്രദൃഷ്ടി ക്രൂടാതെ ആ വിധത്തിൽ നാമനിർദ്ദേശം ചെയ്തതായിരിക്കാമെന്നും കരുതാം. ഏതായാലും മറവനേകം രേഖകളിൽനിന്ന് അന്നു നാടുവാണിരുന്നത് രവിവമ്മയും ഉണ്ണിക്കേരളവമ്മയും ആയിരുന്നുവെന്നു തെളിയുന്ന സ്ഥിതിക്ക് ഈ വിഷയത്തിൽ സംശയം ആവശ്യമില്ല.

ഇരവിക്കുട്ടിപ്പിള്ളയെപ്പറ്റി ചിന്തിക്കുന്നതിനു മുൻപു അന്നത്തെ ചരിത്രസംഭവങ്ങളെക്കുറിച്ച് ഈ കൃതിയിൽ നിന്നും ലഭിക്കാവുന്ന പ്രധാനപ്പെട്ട ചില വിവരങ്ങളെയും കൂടി സൂചിപ്പിക്കാം. രാജധാനി കല്ലൂളമായിരുന്നുവെന്നു

* Kerala Society Papers വാല്യം ഒന്ന് പേജ് 10. ഡോ. കെ. വേലുപ്പിള്ള സ്റ്റേറ്റുമാന്വൽ വാല്യം II പുറം 185.

മറ്റു പല പ്രകാരത്തിൽ തെളിയുന്നതുപോലെ ഈ പാട്ടിൽ നിന്നും കാണാവുന്നതാണു്.

"പണ്ടുപോൽ വഞ്ചിവേന്തൻ
പരിവുടൻ കല്ലുളത്തിൽ
അണ്ടർകോമാനെപ്പോലെ
അവനിയാണ്ടിരിക്കും നാളിൽ" (പുറം 5)

രാജധാനിയോടടുത്തുള്ള ചെണ്ടപ്പുടവീടായിരുന്ന തിരുവിതാംക്രർ പാളയസ്ഥലം. കല്ലുളത്തിനടുത്തുള്ള ഉദയഗിരിക്കോട്ട അന്നും ശക്തികേന്ദ്രമായിരുന്നു. (പുറം 15). ഈ ഉദയഗിരിക്കോട്ട ആദ്യമായുണ്ടായതു് 766-ാമാണ്ടിടയ്ക്കായിരുന്നു. (കേരളാസൊസൈറ്റി പേപ്പർ). കല്ലുളത്തുള്ള മഹാദേവർക്ഷേത്രം രാജധാനിയിലേ പ്രധാനമായ ആരാധനാസ്ഥലമായിരുന്നു. (പുറം 22). വേണാട്ടിൽ ശക്തിയായ സൈന്യസന്നാഹവും അതിനുവേണ്ട സംഭാരങ്ങളും ഉണ്ടായിരുന്നു. യുദ്ധവർണ്ണനയിൽനിന്നും ഇതു സൂക്ഷ്മമായി കാണാവുന്നതാണു്. ആനയും, കുതിരയും, കുഴൽക്കാരും, അമ്പും വില്ലും ഉപയോഗിക്കുന്നവരും, കുന്തക്കാരും ചേർന്നുള്ള സൈന്യത്തിന്റെ ഘോഷയാത്ര പല വിധത്തിലുള്ള വാദ്യങ്ങളുടെ മേളംകൊണ്ടും കാഹളശബ്ദംകൊണ്ടും ആരെയും ഭ്രമിപ്പിക്കത്തക്കതായിരുന്നു. യുദ്ധവർണ്ണന സാഹിത്യഗുണചിന്തയിൽ ഇനിയും പരാമർശിക്കേണ്ടിയിരിക്കുമെന്നുള്ളതിനാൽ ഇവിടെ തുടരുന്നില്ല. സ്വതന്ത്രമായ വേണാടിന്റെ പുരുഷപൂർണ്ണമായ ശക്തിയുടെ കാഹളാരവബഹളമായ ഘോഷയാത്ര ഈ ഗ്രന്ഥത്തിന്റെ മർമ്മഭാഗമാണു്.

ഇനിയും ഈ പാട്ടിന്റെ നായകനും തിരുവിതാംക്രർ സൈന്യത്തിന്റെ അന്നത്തെ നായകനും വേണാട്ടിന്റെ വീരചരിതത്തിന്റെ ഉജ്ജ്വലനായകനുമായ ഇരവിക്കുട്ടി

പ്പിള്ളയെപ്പററിയാണു ചിന്തിക്കേണ്ടതു്. അന്നു് മഹാരാജാവിനു് ഉപദേശകന്മാരായി മന്ത്രിമാരായ എട്ടു പേരുണ്ടായിരുന്നു.

"മന്ത്രിണഃ സപ്തചാഷ്ടൗ വാ
പ്രകർവ്വീത പരീക്ഷിതാൻ"

എന്ന മനുസ്മൃതി അനുസരിച്ചായിരിക്കണം എട്ടു മന്ത്രിമാരുടെ ആലോചനയോടുകൂടി മഹാരാജാവു് അന്നു ഭരണം നടത്തിപ്പോന്നതെന്നു വിചാരിക്കണം.

"അരചാണ്ട മണവാളൻ അനവദ്യവേന്തരുടെ
വേന്തരുടെ തുരതനിലേ വീരരെട്ടു പേർകളുണ്ടു" (പുറം 70)

ആ എട്ടുപേർ ഇടത്തറത്തേവനും, കോതമുരുകനും, കലയപ്പെരുമാളും, കുളത്തൂർ രാമനും, ശങ്കുക്കുമാരനും, വീരൻ കേശവനും, ഈശ്വരൻ തേവനും, ഇരവിക്കുട്ടിപ്പിള്ളയും ആയിരുന്നു. (പുറം 65). ഈ എട്ടുപേരിലും "കണ്ണാനതുര" പ്രധാനമന്ത്രിയായ ഇരവിക്കുട്ടിപ്പിള്ളയാണു്. അദ്ദേഹത്തിന്റെ ചരിത്രം ഈ പാട്ടിൽ ഏതാണ്ടു പൂർണ്ണമായിത്തന്നെ കിട്ടുന്നുണ്ടു്. പിള്ളയുടെ അമ്മയുടെ പേരു് ഉമയെന്നായിരുന്നു. സന്താനമില്ലാഞ്ഞു ദുഃഖിച്ചു വളരെ വ്രതോപവാസങ്ങളും അനുഷ്ഠിച്ച ഫലമായിട്ടാണു് പിള്ള ജനിച്ചതെന്നു പറഞ്ഞിരിക്കുന്നു. വിദ്യാഭ്യാസം ചെയ്യിക്കാൻ ബാല്യത്തിൽത്തന്നെ പിള്ളയെ ഒരാചാര്യന്റെ നിയന്ത്രണത്തിലാക്കി. അദ്ദേഹം ഗ്രന്ഥവും, മലയാഴ്മയും, ചെന്തമിഴും, സംസ്കൃതവും, മണിപ്രവാളവും, ശാസ്ത്രങ്ങളും പഠിച്ചതായി പ്രസ്താവിച്ചിരിക്കുന്നു. 16-ാമത്തെ വയസ്സിൽ മന്ത്രിപ്പട്ടം ലഭിച്ചു് അച്ഛനമ്മമാരോടൊത്തു വസിച്ചതായി പറഞ്ഞിട്ടുണ്ടു്. പതിനാറാം വയസ്സിൽ മന്ത്രിപദം ലഭിച്ചതായി പറഞ്ഞിരിക്കുന്നതുകൊണ്ടു് പാര

മ്പര്യമായി പിള്ളയുടെ കുടുംബത്തിനു മന്ത്രിപദം അവകാശപ്പെട്ടിരുന്നുവെന്നു് ഊഹിക്കണം. ഈ വിവരവും, പിള്ളയുടെ വീട്ടും ഇന്നത്തെ അരുമനഅമ്മവീട്ടും തമ്മിൽ ഗാഢമായ ബന്ധമുണ്ടെന്നും, അവക്കു് തലക്കുളത്തു് അമ്മവീട്ടുമായിട്ടു ചാച്ചു് ഉണ്ടെന്നും ഓക്കുമ്പോൾ ചില ഊഹങ്ങൾക്കു് അവകാശമുണ്ടു്. പാട്ടിന്റെ ഒരു പാഠം അനുസരിച്ചു് ഇരവിക്കുട്ടിപ്പിള്ള മഹാരാജാവിന്റെ മകനായിരുന്നുവെന്നുള്ളതും സ്മരിക്കേണ്ടതാണു്. ആ കഥ നിൽക്കട്ടെ. പിള്ള വെറും പാരമ്പര്യംകൊണ്ടു മാത്രമല്ല മന്ത്രിപദത്തിനവകാശി ആയതെന്നു ഈ പാട്ടു തെളിയിക്കും. മറ്റു മന്ത്രിമാക്കെല്ലാം അദ്ദേഹത്തിന്റെ പേരിൽ അസഹ്യമായ അസൂയ തോന്നത്തക്കവണ്ണം പിള്ളയിൽ മഹാരാജാവിന്റെ പ്രീതി പതിഞ്ഞിരുന്നു. പിള്ളയെപ്പറ്റി ഓർക്കുമ്പോൾ ഏറ്റവും പ്രധാനമായി മനസ്സിൽ വരുന്നതു് അദ്ദേഹത്തിന്റെ സ്ഥൈര്യവും സ്വദേശസ്നേഹവുമാണു്. മഹന്മാരായ അനവധി യോദ്ധാക്കന്മാരുടെ ജന്മംകൊണ്ടു ധന്യതയാർന്ന വേണാട്ടിൽ ഇരവിക്കുട്ടിപ്പിള്ളയോളം ധീരനായ ഒരു യോദ്ധാവു് വേറേ ഉണ്ടായിട്ടില്ലെന്നു പറയാം. പാണ്ടിപ്പടയോടു് എതിരിടണമെന്നും അതിൽ ഇടംകൈയ്യായും വലംകൈയ്യായും തങ്ങൾ നില്ക്കുമെന്നും മറ്റു മന്ത്രിമാർ പറഞ്ഞപ്പോൾ താൻ നെറ്റിക്കൈയ്യായി നില്ക്കുമെന്നു് ഇദ്ദേഹം സ്വയമേറ്റു. അതു് മന്ത്രിപ്രധാനനായ തന്റെ കർത്തവ്യമാണു് എന്നായിരുന്നു പിള്ളയുടെ വിശ്വാസം. അതിൽനിന്നു വരാവുന്ന ആപത്തുകളെപ്പറ്റി ധീരനായ പിള്ള അല്പംപോലും ആലോചിച്ചില്ല. തന്റെ നിശ്ചയത്തെ എതിർത്തുനിന്നുകൊണ്ടു് അമ്മയും ഭാര്യയും ചെയ്ത അപേക്ഷകളൊന്നും പിള്ള ചെവിക്കൊണ്ടില്ല.

ഭയങ്കരമായ ദുഷ്കൃനങ്ങളും കണ്ടതുപോലും പിള്ളയെ നിശ്ചയത്തിൽനിന്നും വ്യതിചലിപ്പിച്ചില്ല.

ഏഴു കടൽക്കപ്പുറത്തെ ഇരുമ്പറയും പൂട്ടിവെച്ചു
ഇരുമ്പറയുള്ളിലിരുന്താലും എമനടയ തൂതർവന്താൽ
എമനടയ തൂതർ വന്താൽ ഇല്ലൈയെൻറാൽ വിടുവാരോ?

എന്നാണു് അദ്ദേഹത്തിൻെറ വിശ്വാസപ്രമാണം. അതിനാൽ യാതൊരു മനശ്ചാഞ്ചല്യവുംകൂടാതെ കളിച്ചു നിത്യകർമ്മങ്ങളും കഴിച്ചു് ഉടുത്തു കച്ചകെട്ടി, അമ്മയോടും ഭാര്യയോടും യാത്രയും ചോദിച്ചു ദേവിയെ പ്രാർത്ഥിച്ചു തൻെറ കുതിരപ്പുറത്തു കയറി പ്രധാനമന്ത്രിയുടെ പടവീടുചേർന്ന അലങ്കാരാഡംബരങ്ങളോടുകൂടി മഹാരാജാവിനെ മുഖം കാണിച്ചു. ആക്രമണത്തിൽ തിരുവിതാംകൂറിനെ രക്ഷിച്ചുകൊള്ളാമെന്നും, രാമപ്പയ്യനെ വിരട്ടി ഓടിച്ചുകൊള്ളാമെന്നും, തനിക്കു പദ്മനാഭൻ സഹായമുണ്ടെന്നും മഹാരാജാവിനെ അദ്ദേഹം സമാശ്വസിപ്പിച്ചു. പിള്ളയുടെ വാക്കു് ആ അവസരത്തിൽ അത്യന്തമായ പൗരുഷം തുളുമ്പി വിളങ്ങുന്നു.

"മട്ടില്ലാപടകളം മടിന്താലും വട്ടകപ്പട
തൊട്ടിയപടകളം തുടന്താലും ചുട്ടുപ്പാണകളം
പൊട്ടിയേ തലകളം പൊടിന്താലും പൊൻകാശു പണം
കെട്ടിയെ കൊട്ടിയു കടന്താലും ചമക്കുത്തിൽ
വടിവൊട്ട കൊടി കുടഅണിചെരുമിടവെൻറിനി
ഒരു കൈവെരലയ്വണ്ണം വാത്താരം ക്രട്ടിവെട്ടി
വടുകർ കോട്ടയും ഇടുക്കി, വിട്ടുവിടുവേൻ
പാക്കിയമില്ലാമൽ പോനാൽ പരന്തേറി വെട്ടിപ്പട്ടുവേൻ മന്നാ"

ഇതിൽ അന്ത്യപാദം വീരകരുണരസങ്ങളും ഒരുപോലെ മേളിച്ചു പിള്ളയുടെ പൗരുഷചരിത്രത്തെ നല്ലതുപോലെ വ്യഞ്ജിപ്പിക്കുന്നു. പ്രധാനമന്ത്രിയായ ഇരവിക്കുട്ടിപ്പിള്ള സർവ്വപ്രധാനനായ യോദ്ധാവായി ചീറ്റംപുലിയെപ്പോലെ

യുദ്ധം ചെയ്യുതുടങ്ങി. ഈത്താംകാട്ടു പാളയത്തിലിരുന്ന വട്ടകപ്പട പിള്ളയുടെ സൈന്യത്തെ കണിയാകുളത്തുവച്ചു എതിരിട്ടു. പിള്ളയുടെ നായകത്വംകൊണ്ടും തിരുവിതാംകൂർ സൈന്യത്തിന്റെ സാമർത്ഥ്യംകൊണ്ടും വട്ടകപ്പട വല്ലാതെ വിഷമിച്ചു. അപ്പോഴാണു ദ്രോഹാലോചനയിൽ ഏർപ്പെട്ടിരുന്ന മറവു മന്ത്രിമാർ പിള്ളയെ വിട്ടു് അട്ടത്തുള്ള മലയേറിക്കളഞ്ഞതു്. സ്വയം രക്ഷ പ്രാപിക്കാൻ ആശയില്ലാതെ, മറവുള്ളവരുടെ ചതിവിനെ വകവയ്ക്കാതെ വേണാടിന്റെ അഭിമാനത്തെ പാലിക്കാൻ നിശ്ചയിച്ചു് ധീരതയോടെ യുദ്ധം ചെയ്ത മന്ത്രിയുടെ മുഖത്തുനിന്നു് അപ്പോൾ പുറപ്പെട്ടുന്ന വാക്കുകൾ കേൾക്കേണ്ടവയാണു്.

"പിരിയമൊട്ടു വേണാട്ടതനിലാണ്ട മന്നവരു
പിടിചോവു തന്തെന്ന വളത്താർ

* * * *

മന്തിരിയരയൻ പിറന്തോരു നാമിനി
മാററാനെക്കണ്ടോട്ടവതാൺമയോ?"

എന്നും മറവും ഗർജ്ജിച്ചുകൊണ്ടു ശത്രുത്തോട്ടക്കുടി വീണ്ടും എതിർത്തു് അത്യന്തം ഭയങ്കരമായ യുദ്ധമുണ്ടായി. എന്നാൽ സ്വപക്ഷീയരുടെ ചതിവിൽപ്പെട്ടു് ഒരു കുതിരക്കാരന്റെ വെട്ടേറ്റു് ആ മഹാധീരൻ ശിവലോകം പ്രാപിച്ചു. ശത്രുക്കൾ താല്ക്കാലികമായ ജയംകൊണ്ടു മദിച്ചു; എങ്കിലും വേണാടിനെ വെല്ലാൻ ശക്തിയില്ലാതെയും പ്രതികാരം സാധിച്ചതിൽ സംതൃപ്തി പൂണ്ടും പിള്ളയുടെ തലയും വെട്ടിക്കൊണ്ടു തിരിച്ചു് ഈത്താംകാട്ടു പാളയത്തിലേക്കു പോയി. ഇങ്ങനെ തീരെ അർഹിക്കാത്ത വിധത്തിൽ ജീവനാശം സംഭവിച്ച പിള്ളയുടെ ചരിത്രം ഒരു മഹായോദ്ധാവിന്റെയും രാജ്യസ്നേഹിയായ ഒരു മഹാ ധീര

ന്റെയും കർത്തവ്യസ്ഥിരനായ ഒരു മഹാമന്ത്രിയുടെയും ധന്യസ്മരണകളെ സൃഷ്ടിച്ചു. പിള്ളയെപ്പറ്റിയുള്ള ബഹുമാനം അദ്ദേഹത്തിന്റെ നാട്ടുകാരായ അനുചരന്മാർക്കു് മാത്രമല്ല വൈരികൾക്കും ധാരാളം ഉണ്ടായിരുന്നുവെന്നു് ഈ പാട്ടു തന്നെ തെളിയിക്കുന്നു. പട്ടിൽ പൊതിഞ്ഞു വിജയചിഹ്നമായി കാഴ്ചവച്ച പിള്ളയുടെ തല കണ്ടിട്ടു തിരുമലനായിക്കനു പോലും അസഹ്യമായ വേദന ഉണ്ടായി.

"അയ്യോ ഇന്ത തുരയെപ്പോലെ
അവനിതന്നിൽ ഒരുവരുണ്ടോ?
ചെയ്യും തിറവീരൻ ഇവരെ നികരം
ചെറുത്തുപ്പിടിത്തിങ്കെ കൊടുവരാമൽ
കയ്യും എഴുമ്പിച്ചോ ഇവരെ വെട്ട
കണ്ടപോതു മനം ഇരുകലയോ?
വയ്യും പുകഴ്ന്തിടും ഇവരുടയ
വയിരപ്പണിയിട്ട കാതഴകോ?
കോതി മുടിന്തോരു മുടി അഴകോ
ക്രൂൻറ കസ്തൂരിപ്പൊട്ടഴകോ
ഏതുചൊല്ലപ്പോറേൻ ഇവരഴകെ
ഇനിമേൽ നിനന്തുക്കാൽ പലനമുണ്ടോ?
പേതമറിയാമൽ രാമപ്പയ്യൻ
പോരിൽ ചതിയാക കൊന്നം പോട്ടൻെ."

ഇപ്രകാരം തിരുമലനായിക്കൻ വിലപിക്കണമെങ്കിൽ പിള്ളയെപ്പറ്റി അദ്ദേഹത്തിനെത്ര മതിപ്പുണ്ടായിരിക്കണമെന്നു് ഊഹിക്കാവുന്നതാണല്ലോ? ഇരവിക്കുട്ടിപ്പിള്ളയുടെ ശവസംസ്കാരം ശത്രുപാളയത്തിൽനിന്നു കാളിനായർ ചെന്നു തലകൊണ്ടുവന്നതിനു ശേഷം മഹാരാജാവു് എഴുന്നെള്ളിയിരുന്നാണു നിവ്വഹിച്ചതു്. ഇതിൽനിന്നും മഹാരാജാവിന്റെ ഔദാര്യവും പ്രജാവാത്സല്യവും പ്രകാശിക്കു

ന്നതുപോലെതന്നെ പിള്ള അർഹിച്ച ബഹുമതിയും രാജപ്രീതിയും തെളിയുന്നുണ്ട്.

സാധാരണയായി കാവ്യങ്ങളിൽ നായകൻ കഴിഞ്ഞാൽ പിന്നെ ക്രൂരതൽ പ്രാധാന്യം അർഹിക്കുന്നതു പ്രതിനായകനാണു്. ഈ പാട്ടിലാകട്ടെ പ്രതിനായകനായ രാമപ്പയ്യനെപ്പറ്റി പ്രധാനമായി പ്രതിപാദിച്ചിട്ടില്ല. രാമപ്പയ്യൻ തിരുമലനായ്ക്കന്റെ പ്രശസ്തനായ മന്ത്രിയും, സേനാനായകനും ആയിരുന്നു. ഇതിനും പുറമേ "രാമപ്പയ്യൻ അമ്മാനെ" എന്ന തമിഴം പാട്ടിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള പ്രകാരം മഹാപ്രഭാനങ്ങൾകൊണ്ടു് അദ്ദേഹം പ്രശസ്തചരിതനായിരുന്നുവെങ്കിലും വേണാടിന്റെ വീരചരിതത്തെ പാടാൻ ഉദ്യമിച്ച പുലവന്മാർ അത്യാവശ്യം ഉള്ളിടത്തോളം മാത്രമേ രാമപ്പയ്യന്റെ കായ്യം ഈ പാട്ടിൽ അവതരിപ്പിച്ചിട്ടുള്ളു. പ്രതിനായകനെപ്പറ്റിയുള്ള ഗണന ഇങ്ങനെ അപ്രധാനമായിത്തള്ളിയെങ്കിലും നായകനായ ഇരവിക്കുട്ടിപ്പിള്ളയോളം തന്നെ ഏതാണ്ടു പ്രാധാന്യം വഹിക്കുന്ന ഒരു ഉപനായകൻ പാട്ടിന്റെ അവസാനഘട്ടത്തിൽ പ്രത്യക്ഷപ്പെടുന്നു. അതിബാല്യത്തിൽത്തന്നെ ഇരവിക്കുട്ടിപ്പിള്ള എട്ടത്തുവളത്തിപ്പോന്ന കാളിനായർ ധൈര്യംകൊണ്ടും യോദ്ധാക്കന്മാർക്കു് ഉചിതമായ പൗരുഷശക്തികൊണ്ടും സ്വസ്വാമിയോടു സാമ്യം വഹിച്ചിരുന്നു. പിള്ള യുദ്ധത്തിനുപോയ അവസരത്തിൽ സ്വാമികാര്യമായി തിരുവനന്തപുരത്തു പോയിരുന്ന ആ വീരയോദ്ധാവിനു പിള്ളയോടുക്രടി യുദ്ധത്തിനു പോകാൻ സാധിച്ചില്ല. യുദ്ധത്തിൽ സംഭവിച്ച ആപത്തുകളെപ്പറ്റി തിരുവനന്തപുരത്തുവച്ചു കേട്ട ഭഗ്നാശയനായി എങ്ങും നില്ക്കാതെ കാളിനായർ കൽക്കുളത്തേയ്ക്കു് ഓടിത്തുടങ്ങി. അദ്ദേഹം കാണിയാക്കുളത്തിൽ ചെന്നു പിള്ളയുടെ മരണ

വാത്ത അറിഞ്ഞു് ദുഃഖാത്തനായി മണ്ണിൽ വീണു ഉരുണ്ടു കേണുതുടങ്ങി. അഞ്ചു വയസ്സുതൊട്ടതന്നെ വളത്തിയ മഹാന്റെ മരണത്തിനുശേഷം തനിക്കു ജീവിക്കാൻ ആഗ്രഹമില്ലെന്നു പറഞ്ഞു് അയാൾ മുറയിട്ടു. എന്നു തന്നെ അയാളും തന്റെ സ്വാമിയുടെ തല ശത്രുക്കളുടെ പാളയത്തിൽച്ചെന്നു തിരിച്ചുകൊണ്ടുവരുന്നതാണെന്നു് അയാൾ പ്രതിജ്ഞ ചെയ്തു. അപ്രകാരം ചെയ്യുന്നതിനു മഹാരാജാവിന്റെ കല്പനയോടുകൂടി അയാൾ ചെണ്ടപ്പടവീട്ടിൽ നിന്നു പുറപ്പെട്ടു് ചീറുംപുലിയെപ്പോലെ ഈത്താംകാട്ടു പാളയത്തിൽച്ചെന്നു് നിർഭയമായി പ്രവേശിച്ചു അയാളെക്കണ്ടു് ഈ മലയാളി എവിടെനിന്നു വന്നു എന്നു് വടുകപ്പട അന്വേഷണം തുടങ്ങി. എതിർക്കുന്നവരെ താൻ മൃത്യുവിനയയ്ക്കുമെന്നു ഗർജ്ജിച്ചുകൊണ്ടു് കാളിനായർ കടന്നു ചെന്നു. സാഹസിയായ കാളിനായരെ അവർ രാമപ്പയ്യന്റെ അടുക്കലേയ്ക്കു കൊണ്ടുപോയി. അവിടെച്ചെന്ന നായർ പുരുഷമൂത്തിയായി വിളങ്ങി. അയാളുടെ വീര്യപ്രഭാവം കണ്ടും സ്വാമിയുടെ തലകൂടാതെ തിരിച്ചുപോകയില്ലെന്ന പ്രതിജ്ഞ കേട്ടും രാമപ്പയ്യനു് അയാളുടെ പേരിൽ അസാമാന്യമായ ബഹുമതിയുണ്ടായി. ഇത്ര കൃതജ്ഞതയും സ്വാമിഭക്തിയുമുള്ള യോദ്ധാക്കന്മാർ ഉള്ളിടത്തോളംകാലം വേണാടു ജയിക്കാൻ സാദ്ധ്യമല്ലെന്നു മധുരസേനാനായകനു മനസ്സിലായി. കാളിനായർ തന്റെ കീഴിൽ സൈന്യസേവനം സ്വീകരിക്കുകയാണെങ്കിൽ നല്ല ശമ്പളം കൊടുക്കാമെന്നു രാമപ്പയ്യൻ പറഞ്ഞു. അതിനുള്ള കാളിനായരുടെ ഉത്തരം

> "ഉചിതമില്ലാച്ചോറുമുണ്ടു് ഇങ്കേ നാൻ നില്പതില്ലൈ
> തന്തുവിടവേണമെന്തൻ യജമാനൻ തലയൈ
> ഉണ്ടുവരും മുന്നെയെൻറു കാളിനായർ ചൊന്നാൻ"

എന്നായിരുന്നു. നായരുടെ പൗരുഷപ്രഭാവത്തിൽ സന്തുഷ്ടനായ രാമപ്പയ്യൻ പാളയത്തിൽച്ചെന്നു് ഇരവിക്കുട്ടിപ്പിള്ളയുടെ തല നോക്കിയെടുത്തുകൊള്ളാൻ സമ്മതിച്ചു. അവിടെ തല കാണാതെ വിഷമിച്ച കാളിനായക്കു രാമപ്പയ്യൻ പ്രത്യേകമായി സൂക്ഷിച്ചിരുന്ന ശിരസ്സും, പല സമ്മാനങ്ങളും കൊടുത്തു യാത്രയാക്കി. ഇങ്ങനെ ശത്രുക്കളാൽപ്പോലും സമ്മാനിതനായ ആ വീരൻ ഉടൽപൂണ്ട കൃതജ്ഞത പോലെ സ്വാമിയുടെ തല കൊണ്ടുവന്ന മഹാരാജാവിന്റെ തിരുമുൻപിൽ വച്ചു നമസ്കരിച്ചു. പിള്ളയുടെ മാതാവിനെക്കൂടി വരുത്തി എഴുന്നള്ളിയിരുന്ന ശവസംസ്കാരാദികർമ്മങ്ങൾ നടത്തിയശേഷം മഹാരാജാവു കാളിനായക്കു കുഞ്ചാംകോട്ടു് ഏലായിൽ കരമൊഴിവായി വസ്തുക്കൾ വിട്ടുകൊടുത്തു. കാളിനായരുടെ വീരത്വം ഇപ്രകാരം നിസ്തുലമായ ശോഭ വഹിച്ചു പാട്ടിന്റെ ഉത്തരഭാഗത്തെ ആദ്യഘട്ടത്തിൽ നിന്നും ഒട്ടും കുറയാത്ത രീതിയിൽ ആസ്വാദ്യമാക്കിത്തീർക്കുന്നു.

ഇനിയും ഈ പാട്ടിന്റെ കവിതാഗുണത്തെപ്പറ്റിയാണു പറയാനുള്ളതു്. ഇതിന്റെ രൂപത്തെപ്പറ്റി പ്രസ്താവിച്ചപ്പോൾ മുൻപു് ഈ വിഷയത്തെ സംബന്ധിക്കുന്ന ചില കാര്യങ്ങൾ പറഞ്ഞു കഴിഞ്ഞു. ഇവിടെ അതുകൊണ്ടു് സാധാരണ ദൃഷ്ടിയവലംബിച്ചു ചില കാര്യങ്ങളാണു പറയുന്നതു്. നാടൻ പാട്ടുകൾ സാഹിത്യവിദ്യാർത്ഥികളുടെ സവിശേഷമായ ശ്രദ്ധയെ അവകാശപ്പെട്ടതുണ്ടെന്നു് ഇന്നു സാമാന്യമായി സമ്മതി സിദ്ധിച്ചിട്ടുള്ളതിനാൽ ഈ പാട്ടിലേക്കു ശ്രദ്ധ പതിപ്പിക്കുന്നതിനു പ്രത്യേകമായ പ്രേരണ ആവശ്യമില്ല. തിരുവിതാംകൂർ ചരിത്രത്തിലേ പ്രധാനമായ ഒരു സംഭവത്തെ ആസ്പദമാക്കിയുള്ള ഒരു പാട്ടായതുകൊണ്ടു ചരിത്രാന്വേഷകന്മാരും

സ്വയം ഇതിൽ കൗതുകം പ്രകടിപ്പിക്കുമെന്നു വിശ്വസിക്കാം. എന്നാൽ സാമാന്യമായ ഇത്തരം ശ്രദ്ധയല്ല സാഹിത്യവിഷയകമായി നോക്കുമ്പോൾ ഈ പാട്ട് അവകാശപ്പെട്ടതു് എന്നാണു് ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളതു്. പുതിയ പുതിയ സാഹിത്യശൈലികളും പ്രസ്ഥാനഭേദങ്ങളുംകൊണ്ടു് ആളുകൾ ഭ്രമിക്കുന്ന ഈ കാലത്തു പഴയതിനോടു് അവജ്ഞ പരിഷ്കാരത്തിന്റെ സഹചാരിയായി പ്രചരിച്ചുതുടങ്ങിയിട്ടുണ്ടു്. അത്തരം മനോഗതികൾ സ്ഥിരമായ സിദ്ധാന്തങ്ങളെ സ്ഥാപിക്കുന്നതിനു ശക്തങ്ങളായി ഭവിക്കയില്ലെന്നു സംസ്കാരചരിത്രം പഠിച്ചിട്ടുള്ളവർക്കു് അറിയാവുന്നതേയുള്ളൂ. യഥാർത്ഥത്തിൽ സുന്ദരമായ ഒരു കലാസൃഷ്ടി നോട്ടക്കാരന്റെ ദയയെ അപേക്ഷിച്ചെങ്കിലേ നിലനില്പിനുള്ള അവകാശം സമ്പാദിക്കാൻ ശക്തമാകയുള്ളൂ എന്നു വന്നുകൂടല്ലോ. സത്യം നശിച്ചാലും താൻ സ്വീകരിച്ച ഇഷ്ടസിദ്ധാന്തങ്ങൾ ജയിക്കണമെന്നു കല്പിക്കുന്ന ആളുകൾ ഇരിക്കട്ടേ! മറ്റു നിർമ്മത്സരന്മാരായ ആളുകളോടു ധൈര്യപൂർവ്വം നമുക്കു പറയാം, ഈ പാട്ടു മനോഹരമാണെന്നു്. ഇതിലേ ഭാഷ സാമാന്യമലയാളികൾക്കു സ്വല്പം പ്രയാസമായിത്തോന്നുമെങ്കിലും ആ പ്രയാസങ്ങളെ ജയിച്ചു് ഇതിൽ കടന്നു ചെല്ലുന്നവർക്കു സമ്പൂർണ്ണമായ സംതൃപ്തിയും രസികതയും സിദ്ധിക്കുമെന്നു വിശ്വാസപൂർവ്വം പറയാം. ചമൽകാരപൂർണ്ണമായ വർണ്ണനകളും, ഹൃദയത്തെ അലിക്കാൻ നിപുണങ്ങളായ രസപ്രകടനങ്ങളും ഈ പാട്ടിന്റെ മുഖ്യലക്ഷണങ്ങളാണു്. ദീർഘമായ ഒരു കഥയെ പ്രസ്താവിക്കാൻ ഈ പാട്ടു നിമ്മിച്ച ആളുകൾ ഉദ്ദേശിച്ചില്ല. മനസ്സിനെ ഉലയ്ക്കുന്ന ചില സംഭവങ്ങളെ ചിത്രീകരിക്കാൻ ആവശ്യമുള്ളിടത്തോളം കഥാസൂചന ചെയ്തു് അവർ വിരമിച്ചു. ശേഷം ഭാഗങ്ങൾ

കാണാനും കേൾക്കാനും ആലോചിക്കാനും രസിക്കാനും സഹതപിക്കാനും അഭിമാനിക്കാനും കൊള്ളാവുന്ന സംഭവങ്ങളേയും സന്ദർഭങ്ങളേയും അത്യന്തം മനോഹരമായ രീതിയിൽ സർവ്വസ്വതന്ത്രമായ പ്രകാരത്തിൽ ചിത്രീകരിക്കുന്നതിനാണു യത്നിച്ചിട്ടുള്ളതു്. ഇരവിക്കുട്ടിപ്പിള്ളയുടെ ജനനം തുടങ്ങി മന്ത്രിപദപ്രാപ്തിവരെയുള്ള കഥകളെ ഏതാനും വരികൾകൊണ്ടു പറഞ്ഞിട്ടു് മധുരയും തിരുവിതാംകൂറുമായി യുദ്ധം ഉണ്ടാകാനുള്ള സംഗതികളെ സംഗ്രഹിച്ചു സൂചിപ്പിച്ചശേഷം, ഇരുപക്ഷക്കാരുടെയും സൈന്യസന്നാഹങ്ങളെയും യുദ്ധത്തെയും ദീർഘദീർഘമായിപാടി ഫലിപ്പിക്കാനാണു ശ്രമിച്ചിട്ടുള്ളതു്. സൈന്യസന്നാഹങ്ങളെയും യുദ്ധത്തിലുള്ള ആയുധപ്രയോഗങ്ങളെയും ഏതെല്ലാം പ്രകാരത്തിലും ഏതെല്ലാം ഭംഗിയിലും വർണ്ണിച്ചാലും ഈ ഗാനകർത്താക്കന്മാക്കു തീരെ തൃപ്തി വരുന്നില്ല. യുദ്ധത്തിനൊരുങ്ങുന്ന പ്രധാന സേനാനായകന്മാരുടേ പേരു പറയുന്നുണ്ടു്. പൂലിയത്തേവനും പാണ്ടിയത്തേവനും തുടങ്ങി ഓരോരുത്തരായി പാട്ടിൽ സ്മരിക്കപ്പെട്ടിരിക്കുന്നു. പടക്കോപ്പണിഞ്ഞ കുതിരകളും ആനകളും റാവുത്തന്മാരും എല്ലാം കണ്മുമ്പിൽ അണിനിരക്കുന്നു. "എണ്ണത്തുലയാതെ തുരമക്കളും എഴുവത്തിരണ്ടു പാളയക്കാരും" വന്ന പാളയമടിച്ച ഭംഗികളും ഓരോന്നായി പറയാതെ വിടാൻ ഈ കവികൾക്കു് സാദ്ധ്യമല്ലതന്നെ. സൈന്യവർണ്ണനയ്ക്കുശേഷം പിള്ള യുദ്ധത്തിനു പോകാനൊരുങ്ങുന്നതും, അദ്ദേഹത്തിന്റെ ഭാര്യയും അമ്മയും പല യുക്തികളും കാണിച്ചും ദുശ്ശകുനങ്ങൾ പ്രകടിപ്പിച്ചും യുദ്ധത്തിൽനിന്നു പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നതും വിസ്തരിച്ചു പാടീട്ടുണ്ടു്. അപായകരമായ ഒരു യുദ്ധത്തിനു പുറപ്പെടുമ്പോൾ രക്തബന്ധമുള്ളവർക്കു തോന്നുന്ന ഓരുണങ്ങ

ളായ വിചാരങ്ങളുടെ മനോഹരങ്ങളായ പ്രകടനങ്ങ
ളാണു് ഈ ഘട്ടത്തിൽ കാണുന്നതു്. വിചാരശകതി വികാ
രത്തിൽ അലിഞ്ഞു് കാവ്യഭംഗി അണിയുന്നതു് എങ്ങനെ
യാണെന്നു ഈ ഭാഗങ്ങൾ തെളിയിക്കും. പിള്ളയുടെ യുദ്ധ
ത്തിനുള്ള പുറപ്പാടിനെപ്പറ്റിയുള്ള വർണ്ണനയും സൂക്ഷ്മാംശ
കഥനംകൊണ്ടും യാഥാർത്ഥ്യാഭാസതപം കൊണ്ടും തിള
ങ്ങുന്നു. നീരാടുന്നതിനു പോകുന്നതും, കുളികഴിഞ്ഞു ഭസ്മ
ലേപനം ചെയ്തു് ഈശ്വരഭജനം ചെയ്യുന്നതും, ഊണു
കഴിക്കുന്നതും, കച്ചയുടുത്തു് അണിയുന്നതും, ഭാര്യയോടും
അമ്മയോടും യാത്രചോദിക്കുന്നതും, പരദേവതയായ ഭദ്ര
കാളിയെ പ്രാർത്ഥിക്കുന്നതും, കുതിരപ്പുറത്തു കയറി പുറപ്പെ
ടുന്നതും ഹൃദയരഞ്ജകമായി വർണ്ണിച്ചിരിക്കുന്നു. അടിക്കടി
ഉണ്ടായ ദുശ്ശകുനങ്ങളെ ഒന്നും വിടാതെ പറഞ്ഞു്, വരാൻ
പോകുന്ന ദുഃഖത്തിന്റെ പൂർവ്വസൂചനകൾ ചെയ്യുന്നുമുണ്ടു്.
മന്ത്രിപ്രധാനനായ ഇരവിക്കുട്ടിപ്പിള്ള മഹാരാജാവിനോടു
യാത്ര ചോദിക്കുന്നതും തിരുമനസ്സിലെ അനുമതിയോടു
കൂടി രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്നു പടകളെ
വരുത്തുന്നതും കഥാനുഗുണമായി കാണിച്ചിരിക്കുന്നു. തിരു
വിതാംകൂറിലേ പട യുദ്ധത്തിനൊരുങ്ങിപ്പുറപ്പെടുന്ന
ഘോഷയാത്രയും, അതിനുമുൻപിൽ പിള്ള കുതിരപ്പുറത്തു
സവാരിചെയ്യുന്നതും, സൈന്യങ്ങളുടെ കോലാഹലങ്ങളും
തിമിർപ്പുകളും ചമല്ക്കാരപൂർണ്ണമായ പല പാട്ടുകളുടെ
വിഷയമാണു്. ഈ പാട്ടുകളിൽ പ്രധാനമായി ശബ്ദ
ഭംഗിയും രചനാചാതുര്യവും ശ്രദ്ധിക്കണം. പിള്ളയുടെ
യുദ്ധയാത്ര കണ്ടു സന്തുഷ്ടരായ സ്ത്രീകൾ പാടിക്കുമ്മിയ
ടിച്ചുതുടങ്ങി. ആ പാട്ടുകൾ സന്ദർഭാനുഗുണമായ രസി
കത തുളുമ്പുന്നവയാണു്. യുദ്ധകോലാഹലങ്ങളുടെ വർണ്ണ
നയിൽ തുപ്പിപ്പെടാതെ സൈനികാഘോഷയാത്രയിൽ

ഉള്ള കൗതുകപ്രദങ്ങളായ കാഴ്ചകളും, പല തരത്തിലുള്ള വാദ്യഘോഷങ്ങളും, ഭടന്മാരുടെ ഉത്സാഹപൂർണ്ണമായ ആർപ്പുവിളികളും, വെടിനാദവും ഓരോന്നായി എണ്ണിയെണ്ണിപ്പറയുന്നു. വടുകപ്പടയിലും നമ്മുടെ സൈന്യത്തിലും ഉള്ള വേഷഭാഷാദ്യങ്ങളുടെ വർണ്ണവിലാസത്തെ ചൂണ്ടിച്ചൂണ്ടി നിർദ്ദേശിച്ചും, സൈന്യങ്ങളുടെ ഓരോരോ വിനോദകാര്യങ്ങളെ എടുത്തെടുത്തു പറഞ്ഞും ഈ വർണ്ണനകർം പ്രകൃമിക്കുന്നു. യുദ്ധത്തിന്റെ വർണ്ണനയും ഇതുപോലെതന്നെ ആകർഷണീയമായിട്ടുണ്ട്. വിചിത്രമായ പ്രയാസങ്ങളെ പ്രയോഗിച്ചു് യുദ്ധഘോഷത്തെ യഥോചിതം പ്രകടിപ്പിക്കാനും സാമർത്ഥ്യത്തോടെ യത്നിച്ചു വിജയം പ്രാപിച്ചിരിക്കുന്നു. ഈ വർണ്ണനകളിൽ നിന്നും അന്നത്തെ ദേശീയയുദ്ധസമ്പ്രദായത്തിന്റെ ശരിയായ ഒരു ബോധമുണ്ടാകാൻ സാധിക്കും. ഇതിനും പുറമേ സ്വതന്ത്രമായ ഒരു യുദ്ധവർണ്ണന എങ്ങനെയാണു മലയാളത്തിൽ ഉള്ളതെന്നതിനും ഇതു് ഉദാഹരണമാണു്.

യുദ്ധത്തിൽ സ്വപക്ഷീയരുടെ ചതിയിൽപ്പെട്ടു് ഇരവിക്കുട്ടിപ്പിള്ള മൃത്യുവക്ത്രത്തിൽ പതിക്കുന്നതു വരെ അടിക്കടി പുഷ്ടി പ്രാപിച്ചുവന്ന വീരരസം അതിനുശേഷം കരുണമായി പരിണമിച്ചു പരിപുഷ്ടമായ ശോഭയോടുകൂടി പുരോഗമിക്കുന്നു. യുദ്ധത്തിൽ വീണ മന്ത്രിയുടെ തല വെട്ടിയെടുത്തുകൊണ്ടു വടുകപ്പട പോകുന്നതും, ആ ക്രൂരകൃത്യത്തെ തിരുമലനായിക്കൻപോലും ഹൃദയവേദനയോടെ വീക്ഷിക്കുന്നതും, തലയെ നോക്കി അതിന്റെ ഓരോരോ അവയവങ്ങളെപ്പറ്റി ഗാനം ചെയ്യുന്നതും കരുണരസത്തെ സമ്പൂർണ്ണമായി അനുഗ്രഹിക്കുന്നു. മന്ത്രിയുടെ ചരമവാർത്തയറിഞ്ഞു് "വയ്യകം ഇനിനാനും ആളുവനോ ?

മന്തിരി ഇറന്താക്കാൽ ഇരുപ്പേനോ ?" എന്ന പറഞ്ഞു മുറയിട്ട മഹാരാജാവിന്റെ ദീനഭാഷണങ്ങളും, പിള്ള യുടെ അമ്മയുടെയും ഭാര്യയുടെയും ദീനരോദനങ്ങളും മല യാളത്തിലേ വിലാപകാവ്യസമ്പത്തിൽ അത്യനഘ്രരത നങ്ങളാണു്. അകൃത്രിമമായ ദുഃഖവികാരങ്ങളുടെ ഭാരുണ മായ പ്രവാഹമാണു് ഈ ഭാഗങ്ങളിൽ കാണുന്നതു്.

" ആരുവനോ ആരുവനോ നാൻ
അരുംകടലിൽ വിഴുമളവും
തേരുവനോ എന്നിരവി എൻ
തീവിനകളെന്നാവം ? "

എന്നും മറുമുള്ള മാതാവിന്റെ ഭാഷണങ്ങളും

മഞ്ചക്കുറി നാൻ മറന്തേൻ
മണമുള്ള പൂ മറന്തേൻ
എണ്ണക്കുളി മറന്തേൻ
എങ്കും വിതി പൊല്ലാതു് "

എന്ന ഭാര്യയുടെ ദീനരോദനങ്ങളും ആരുടെയും ഹൃദയ ത്തെ പൊട്ടിക്കത്തക്ക കരുത്തുള്ള കാവ്യശരങ്ങളാണു്. (പുറം 77—81). ഈ ഭാഗങ്ങളും സ്തോഭക്രോതാതെ വായി ക്കാൻ അസാദ്ധ്യമാണു്. ഈ പാട്ടിന്റെ ആദിഭാഗത്തു വീരത്തിനു കരുണം അംഗമായിരിക്കുന്നതുപോലെ അന്ത്യ ഭാഗത്തു കരുണത്തിനു വീരരസം അംഗമായിരിക്കുന്നു. പി ള്ളയുടെ ദുർമ്മതിയിൽനിന്നുദിച്ച ശോകരസത്തിനു മനോ ഹരമായ ഒരു മറ ഇട്ടുകൊണ്ടാണു കാളിപ്പിള്ളയുടെ കൃത ജ്ഞതാവിക്രമങ്ങളിൽനിന്നുള്ള വീരരസം ശോഭിക്കുന്നതു്. കാളിനായരുടെ ദുഃഖവും അയാളുടെ ധീരമായ സാഹസവും അനുഗ്രണമായ കാവ്യശക്തിയോടുകൂടിത്തന്നെ പാടി അ വസാനിപ്പിച്ചിരിക്കുന്നു. മുഖ്യകാര്യമായ ഇരവിക്കുട്ടിപ്പി ള്ളയുടെ മരണത്തെ വർണ്ണിച്ചുകഴിഞ്ഞതുകൊണ്ടു ശേഷം ഭാഗം തിടുക്കത്തിൽ പറഞ്ഞുകളയാമെന്ന ധ്രുതി പാട്ടിൽ

കാണുന്നില്ല. രസവർണ്ണനയ്ക്കനുഗുണമായ പ്രകാരത്തിൽ സാവധാനമായും, ചുരുക്കി ശ്ലിഷ്ടമാക്കാതെയും എന്നാൽ നീട്ടി വിരസമാക്കാതെയും, കഥയെ പൂർത്തിയാക്കുകയാണു ചെയ്തിട്ടുള്ളതു്. അതുപ്പാടെ ഇങ്ങനെ ആദിതൊട്ടു് അവസാനംവരെ ഈ പാട്ടു കാവ്യശോഭകൊണ്ടു മനോഹരമായിരിക്കുന്നതായി കാണാവുന്നതാണു്.

ഇങ്ങനെ ചരിത്രപ്രാധാന്യംകൊണ്ടും സാഹിത്യഗുണംകൊണ്ടും ഒരുപോലെ ഉൽകൃഷ്ടമായ ഈ പാട്ടു നമ്മുടെ ബഹുമാനപൂർവ്വമായ ശ്രദ്ധയെ അവകാശപ്പെടുന്നു. ഈ പാട്ടിനെപ്പറ്റി വിസ്തരിച്ചു് ഉപന്യസിച്ചുകൊണ്ടു മഹാകവി ഉള്ളൂർ പറയുന്നതു് "വീരകരുണരസങ്ങളുടെ സമ്മാഗസുന്ദരമായ സമ്മേളനംകൊണ്ടു വിശേഷാത്തരമായി പ്രശോഭിക്കുന്ന ഒരു ഇതിവൃത്തമാണു കണിയാകുളംപോരു" എന്നാകുന്നു. അദ്ദേഹം തുടർന്നു പറയുന്നു. "അതിനെ കവി ഹൃദയദ്രവീകരണമായ വിധത്തിൽ ഗാനം ചെയ്തിരിക്കുന്നു എന്നുള്ളതിനു തർക്കമില്ല. ഇരവിക്കുട്ടിപ്പിള്ളയുടെ രാജഭക്തി, അദ്ദേഹത്തിന്റെ മാതാവിന്റെ പുത്രവാത്സല്യം, കാളിനായരുടെ സ്വാമിസേവാസക്തി, *മാർത്താണ്ഡവർമ്മമഹാരാജാവിന്റെ പ്രകൃതിരഞ്ജനപാടവം, ഇവയെല്ലാം ഈ പാട്ടിൽ സ്ഫടികസ്ഫുടമായി വിളങ്ങുന്നു. കൊല്ലം ഒൻപതാം ശതകത്തിൽ തെക്കൻതിരുവിതാംകൂറിൽ നടപ്പുണ്ടായിരുന്ന പല സമുദായാചാരങ്ങളുടെയും വ്യക്തമായ പ്രതിഫലനവും പ്രസ്തുത ഗാനത്തിൽ കാണ്മാനുണ്ടു്. നാഗരീകാംഗനകളുടെ കുമ്മി, മാതാവിന്റെ വിലാപം മുതലായ ഘട്ടങ്ങളിൽ കവി തന്റെ സരസ്വതീപ്രസാദം പരിപൂർണ്ണമായി പ്രകാശിപ്പിക്കുന്നു." മഹാകവി ചെയ്യുന്ന പ്രശംസ ഈ

* മാർത്താണ്ഡവർമ്മ എന്നതു് പാട്ടു പകർത്തിയവരുടെ പ്രമാദമായിരിക്കാനേ വഴിയുള്ളൂ.

